## വാർത്തകൾ

# മഞ്ഞനിക്കര പെരുന്നാൾ സമാപിച്ചു



മഞ്ഞനിക്കര: ദയറയിൽ കബറടങ്ങിയ പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ അനുഗ്രഹം ആത്മാവിൽ സ്വീകരിച്ചും തീർത്ഥാടകർ മടങ്ങിയതോടെ മഞ്ഞനിക്കര പെരുന്നാളിനു സാർഥക സമാപനം. പരിശുദ്ധ ബാവായുടെ കബറിങ്കൽ പ്രാർത്ഥിക്കാൻ പെരുന്നാളിനു ശേഷവും വിശ്വാസികളുടെ വൻ തിരക്കായിരുന്നു. വടക്കൻ മേഖലയിൽ നിന്നുള്ള തീർത്ഥാടകർ പിന്നേന്ന് ഉച്ച കഴിഞ്ഞാണു മടങ്ങിയത്. പുലർച്ചെ മാർ സ്തേഫാനോസ് പള്ളിയിൽ യൂഹാനോൻ മാർ മിലിത്തിയോസിന്റെ കാർമികത്വത്തിൽ മൂന്നിന്മേൽ കുർബാന നടന്നു. ദയറ കത്തീഡ്രലിൽ ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവായുടെ മുഖ്യകാർമികത്വത്തിലായിരുന്നു മൂന്നിന്മേൽ കുർബാന. തുടർന്നു പാത്രിയർക്കീസ് ബാവായുടെ പ്രതിനിധി ആർച്ച് ബിഷപ്പ് മാർ ഗ്രിഗോറിയോസ് ശെമവൂൻ സ്ലീബായുടെ കാർമികത്വത്തിൽ മൂന്നിന്മേൽ കുർബ്ബാന നടന്നു. കുർബ്ബാനയ്ക്കു ശേഷം ഏലിയാസ് തൃതീയൻ ബാവായുടെ കബറിടത്തിൽ ധൂപപ്രാർത്ഥനയും പ്രദക്ഷിണവും നേർച്ചവിളമ്പും നടന്നതോടെയാണു ചടങ്ങുകൾ സമാപിച്ചത്.

# മാർ യൂലിയോസ് ബാവായുടെ ഓർമപ്പെരുന്നാൾ- ഫെബ്രു. 22,23

മഞ്ഞനിക്കര: മാർ ഇഗ്നാത്തിയോസ് ദയറയിൽ കബറടങ്ങിയ ഏലിയാസ് മാർ യൂലിയോസ് ബാവായുടടെ ഓർമപ്പെരുന്നാൾ ദയറയിൽ 22, 23 തീയതികളിൽ ആഘോഷിച്ചു. 22-ന് പത്തു മുതൽ ഒന്നു വരെ ധ്യാനം. നാലിന് ഗീവർഗീസ് മാർ ദിവന്നാസിയോസ്, യൂഹാനോൻ മാർ മിലിത്തിയോസ്, ഗീവർഗീസ് മാർ അത്തനാസിയോസ് എന്നിവരുടെ കാർമികത്വത്തിൽ സന്ധ്യാ പ്രാർഥനയും പ്രസംഗവും. തുടർന്നു റാസ. 23-ന് ഏഴരയ്ക്കു മെത്രാപ്പൊലീത്തമാരുടെ കാർമികത്വത്തിൽ മൂന്നിന്മേൽ കുർബാനയും കബറിങ്കൽ ധൂപപ്രാർഥനയും തുടർന്നു നേർച്ച വിളമ്പും നടക്കും.

# മക്കാറിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തു

ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ യൂറോപ്പ്,കാനഡാ ബിഷപ്പ് മക്കാറിയോസ് തിരുമേനി കാലം ചെയ്തു. കാറപകടത്തിൽ പരുക്കേറ്റ് ന്യകാസിൽ ജനറൽ ആശുപത്രിയിൽ കഴിയുകയായിരുന്നു.ഭൗതിക ശരീരം ദേവലോകത്ത് സംസ്കരിക്കും വട്ടശ്ശേരിൽ തിരുമേനിയുടെ 74-ാം ചരമദിനത്തിലായിരുന്നു അന്ത്യം. കഴിഞ്ഞ നിയുക്ത കാതോലിക്കാ സ്ഥാനത്തേക്ക് നോമിനേഷൻ നൽകിയെങ്കിലും പരിഗണിക്കപ്പെട്ടില്ല. സഭയുടെ കേസുകളിൽ ഡൽഹിയിൽ വൈദീകനായിരിക്കുമ്പോഴും പിന്നീടും 1958ലെ വിധിയിലും1995 ലെ സുപ്രിംകോടതിയിൽ ഡിവിഷൻ ബഞ്ചിന്റെയും സീനിയർ ജഡ്ജി സഹായിയുടെയും വിധിയിൽ അദേഹത്തിന്റെ പങ്ക്ചെറുതല്ല.യാക്കോബായ സഭയിലെ ഉന്നതവ്യക്തികളുമായി ബന്ധപ്പെട്ട് അമേരിക്കയിലെ കാതോലിക്കായാകാനുള്ള ശ്രമം വിഫലമായതിനാൽ ആകമാന സഭയിൽ പ്രശ്നം സൃഷടിക്കുന്നതിനായി ജർമ്മൻ റമ്പാന്റെ വാഴ്ച നടത്തിയതിനു പിന്നിൽ അദ്ദേഹത്തിനു വലിയ പങ്കുായിരുന്നെങ്കിലും വാഴ്ച വിവാദമാകുകയും അകാനോനികമായി വേഷം മാറിയതല്ലാതെ ജർമ്മൻ കാർ അംഗീകരിക്കാതിരിക്കയുമാണുായത്.ഓർത്തഡോക്സ് സഭയുടെ പ്രതിസന്ധിഘട്ടങ്ങളിൽ നിർണ്ണായക പങ്കു വഹിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടു്. മലയാളികളോടു മാത്രമല്ല വിദേശികളുമായും അദ്ദേഹത്തിനു നല്ല ബന്ധമായിരുന്നു. എക്യൂമെനിക്കൽ രംഗത്തും പ്രവർത്തിച്ചിരുന്നു. ദേഹവിയോഗത്തിൽ യാക്കൂബ്യന്റെ ദുഃഖവും അനുശോചനവും അറിയിക്കുന്നു.

# കർത്താവിന്റെ ഉയർപ്പ്

ഓശാനപ്പെരുന്നാളും കർത്താവിന്റെ കുരിശു മരണവും ഉയർപ്പും കർത്താവിന്റെ രാജത്വവും മനുഷ്യരോടുള്ള നിസ്വാർത്ഥമായ സ്നേഹവും ദൈവത്വവും വെളിപ്പെടുത്തുന്നു. ഈ ലോകത്തിലേക്കുള്ള എഴുന്നെള്ളത്തിന്റെ ദൗത്യപൂർത്തീകരണമാണ് ഇവിടെ കാണുന്നത്. ഊനമില്ലാത്തതും ആരും കയറിയിട്ടില്ലാത്തതും മനുഷ്യൻ നികൃഷ്ടമെന്നു കതുമായ കഴുതപ്പുറത്തുള്ള യരുശലേമിലേക്കുള്ള എഴുന്നള്ളത്ത് സ്വർഗ്ഗീയ യെരുശലേമിലെ തന്റെ രാജത്വം ഭൂമിയിലും വെളിപ്പെടുത്തുകയാണ്. സകല സൃഷ്ടികളും ഒത്തൊരുമിച്ച് കർത്താവിനു ഓശാന പാടുകയാണ്. ക്രിസ്തുവിനെ വഹിപ്പാൻ നാം ഊനമില്ലാത്ത ജീവിതം നയിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു. കർത്താവിന്റെ കുരിശു മരണവും തന്മൂലം മനുഷ്യകുലത്തിനുായ മോചനവും, തന്റെ ദൗത്യപൂർത്തീകരണമായിരുന്നു. മനുഷ്യനോടുള്ള തന്റെ നിർവ്യാജമായ സ്നേഹവും കരുതലും വെളിപ്പെടുത്തുകയും രക്ഷയിലേക്കു തിരികെ കൊുവരുകയും ചെയ്യുന്നു. ദൈവത്തിന്റെ വലിയ ഉദ്ദേശവും പ്രവർത്തനവുമായിരുന്നു വീടെുപ്പ്. അതിന് ദൈവം മനുഷ്യനായി. ദൈവവും മനുഷ്യനും ചേർന്ന് വീടെുപ്പ് സാധ്യമാക്കുവാൻ ദൈവം കൊടുത്ത വിലയാണ് കാൽവറിക്രൂശിലെ തന്റെ ഏകജാതന്റെ മരണം. അവനിൽ പാപമില്ല. പക്ഷെ പാപത്തെ നീക്കുവാൻ അവൻ പ്രത്യക്ഷനായി. (1യോഹ. 3:5) ആദാമ്യപാപം മൂലം അടിമത്വത്തിലായ മനുഷ്യജാതിയെ തന്റെ കഷ്ടാനുഭവത്താൽ ജീവൻ മറുവിലയായി കൊടുത്ത് വീടെുത്തു. ഒന്നാം ആദാമിന്റെ അനുസരണക്കേട് രാം ആദാമിന്റെ അനുസരണത്താൽ പരിഹരിക്കപ്പെട്ടു (റോമ. 5:19). സ്വർഗ്ഗവും ഭൂമിയും ക്രിസ്തുവിൽ ഒന്നായി (എഫെ. 1:10). പാപത്തിന്റെ ശമ്പളം മരണം. മരണത്തിൽ നിന്നു വിടുതൽ രക്തം ചൊരിഞ്ഞുകൊുള്ള വിമോചനം. അങ്ങനെ കാൽവറിയിലെ ബലി പാപപരിഹാരത്തിന് പ്രായശ്ചിത്തത്തിനുമുള്ള നിരപ്പിന്റെയും സമാധാനത്തിന്റെയും ബലിയായി. പഴയനിയമ വഴികളുടെ പൂർത്തീകരണവും അന്ത്യവും ക്രൂശിലാകയാൽ വിശുദ്ധ കുർബ്ബാന കാൽവറിയിലെ ബലിയുടെ തുടർച്ചയായിത്തീർന്നു. അങ്ങനെ തന്റെ മരണത്തിൽ പങ്കാളികളാകുവാൻ വിശുദ്ധ കുർബ്ബാന അനുഭവത്തിലൂടെ ദൈവവും മനുഷ്യനുമായുള്ള വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞ് നിരപ്പായി ഒന്നായിത്തീർന്നു. ഇനി കർത്താവിനെപ്പോലെ നാമും മരണമില്ലാത്തവരായി ക്രിസ്തുവിൽ മനുഷ്യനു ക്രൂശിൽ കൂടി രൂപാന്തരം നമുക്കു ലഭിക്കുന്നു. പഴയതു മരിച്ച് പുതുതായി ഉയിർത്തെഴുന്നേനും. ഉയർക്കണമെങ്കിൽ മരിക്കണമല്ലോ. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം ക്രിസ്തുവിന്റെ ഉയിർപ്പാണ്. വി. പൗലോസ് പറയുന്നത് കർത്താവ് ഉയർത്തില്ലെങ്കിൽ നമ്മുടെ പ്രസംഗം വ്യർത്ഥമെന്നത്രെ. കർത്താവിന്റെ ഉയർപ്പ് നമ്മുടെ പ്രത്യാശയെ പ്രധാനം ചെയ്യുന്നു. മരണമാകുന്ന നിരാശയിൽ നിന്ന് അമർത്യതയാകുന്ന പ്രത്യാശയിലേക്കുള്ള പ്രയാണമാണ് ആത്മീയ ജീവിതം. ക്രിസ്തുവിലൂടെ ലക്ഷ്യം നിത്യജീവനാണ്. ഈ ലോകജീവിതത്തിലെ സുഖസൗകര്യം വ്യർത്ഥമത്രെ. അത് ഇട്ടെറിഞ്ഞു പോയേ തീരൂ. മരണത്തിനപ്പുറം നിത്യജീവിനുന്നെ സത്യം കർത്താവിന്റെ പുനരുത്ഥാനത്തിലൂടെ വെളിപ്പെടുത്തുന്നു. തന്റെ ശിഷ്യന്മാർക്കിത് വലിയ ആശ്വാസവും ദിവ്യമായ സമാധാനവും കർത്താവിനുവേി പ്രവർത്തിപ്പാൻ അവർക്കു കരുത്തും ഉത്സാഹവും ആയതുപോലെ ഈ ഉയിർപ്പു പെരുന്നാൾ കർത്താവിനു വേി പ്രവർത്തിപ്പാനുള്ള ആഹ്വാനമായി മാറണം. നിരാശയും അന്ധതയും ബാധിച്ച് ഓടിനടക്കുന്ന ഇന്നത്തെ ലോകത്തിന് ഉത്ഥാനപ്പെരുന്നാൾ വലിയ ആശ്വാസമായി ഉറപ്പായി സമാധാനം നൽകുന്ന അവസരമായി മാറണം. സത്യമാകുന്ന, ജീവനാകുന്ന, ക്രിസ്തുവിനെ തിരിച്ചറിഞ്ഞ് അവനാകുന്ന വഴിയിലൂടെ സഞ്ചരിക്കണം. ക്രിസ്തുവിന്റെ ഉയിർപ്പ് അന്ധകാരത്തിൽ നിന്നു വെളിച്ചമായി മാറണം. കുരിശു മരണത്തോളം സ്വയം താഴ്ത്തിയ ക്രിസ്തുവിനെ പിതാവായ ദൈവം സർവ്വനാമത്തെക്കാൾ അധികമായി ഉയർത്തി. മരണത്തിന്മേൽ ജയം നൽകി സാത്താന്റെ ശക്തിയെ ഇല്ലാതാക്കി. ഇരുട്ടിൽ കഴിഞ്ഞ ജനം വലിയ വെളിച്ചം ദർശിച്ചു നിരാശയിൽ കഴിഞ്ഞവർ പ്രത്യാശ ഉൾക്കൊു മരണത്തിൽ നിന്നും നിത്യ ജീവനിലേക്കു അസമാധാനത്തിൽ നിന്നു സമാധാനത്തിലേക്കും തളർച്ചയിൽ നിന്ന് ഉത്സാഹത്തിലേക്കും മനുഷ്യനെ നയിച്ചു. ഇനി പ്രവർത്തിപ്പാനുള്ള സമയമാണ്. കഴുതയെപ്പോലെ കർത്താവിന്റെ കല്പനകളെ അനുസരിച്ചു അവനെ എതിരേല്പാൻ നമുക്ക് ഒരുങ്ങാം. സഹനങ്ങളും കഷ്ടതകളും താല്ക്കാലികമാണെന്നും അതിനപ്പുറം സന്തോഷത്തിന്റെ നാളുകൾ ഉന്നെും, മൂന്നാം നാൾ ഉയിർക്കുമെന്നും അനുഭവത്തിലൂടെ പഠിപ്പിച്ചു. തിന്മയുടെ മേൽ നന്മ വിജയം കൊള്ളുകയും നിങ്ങൾക്ക് സമാധാനം എന്നു ഉത്ഥിതനായ കർത്താവിന്റെ ശബ്ദം കേൾക്കുവാൻ നമ്മുക്ക് ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. എല്ലാ വായനക്കാർക്കും ഈസ്റ്റർ ആശംസകൾ

അലക്സാർ കാരയ്ക്കാട്.
(എഡിറ്റർ)

# പ്രശ്നങ്ങളെ അതിജീവിക്കാൻ തീർത്ഥാടനം കരുത്തുപകരും: മന്ത്രി മോൻസ് ജോസഫ്



മഞ്ഞനിക്കര (പത്തനംതിട്ട): ജീവിതത്തിലെ ദുഃഖങ്ങളെയും ദുരിതങ്ങളെയും അതിജീവിക്കാൻ തീർത്ഥാടനങ്ങൾ കരുത്തു പകരുമെന്നു പൊതുമരാമത്തു മന്ത്രി മോൻസ് ജോസഫ് പറഞ്ഞു. മഞ്ഞനിക്കര പെരുന്നാളിനോടനുബന്ധിച്ചു കാൽനട തീർത്ഥയാത്ര സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കഷ്ടപ്പാടുകളെ നേരിടാൻ ശക്തിപകരുന്നത് ദൈവാനുഭവങ്ങളാണ്. ദൈവാനുഭവം നമ്മെ ബോധ്യപ്പെടുത്താനാണ് ജീവിതത്തിൽ ദുരിതങ്ങൾ സമ്മാനിക്കുന്നത്. ദൈവത്തെ തിരിച്ചറിയാനുള്ള അവസരമായി കഷ്ടപ്പാടുകളെ നാം കാണണം. ഓരോ വർഷം കഴിയും തോറും മഞ്ഞനിക്കരയിലേക്കു ഭക്തജനത്തിരക്ക് വർദ്ധിക്കുകയാണ്. ദൈവാനുഭവത്തിന്റെ അത്ഭുതകരമായ സാക്ഷ്യമാണ് മഞ്ഞനിക്കരയിൽ നിന്നു വിശ്വാസികൾക്കു ലഭിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

ശ്രേഷ്ഠകാതോലിക്കാ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ അധ്യക്ഷത വഹിച്ചു. പീഢകളുടെ മധ്യത്തിൽ നിന്നു സഭയെ രക്ഷിക്കാനും അന്തോഖ്യാ-മലങ്കര ബന്ധം നിലനിർത്താനുമായി ദൈവം മലങ്കരയിലേക്ക് അയച്ച വിശുദ്ധനാണ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായെന്നു ശ്രേഷ്ഠ കാതോലിക്കാ ബാവാ പറഞ്ഞു. ദൈവത്തിന്റെ കാണപ്പെട്ട പ്രതിപുരുഷനാണ് അദ്ദേഹം. അത്ഭുതങ്ങൾ പരസ്യപ്പെടുത്തുന്ന ലോകത്ത് യാതൊരു പരസ്യവും ഇല്ലാതെയാണ് ഇത്രയധികം പേർ ഇവിടെയെത്തുന്നത്. ഒട്ടേറെ അത്ഭുതങ്ങളും ദൈവാനുഭവവും വിശ്വാസികൾക്കു ബോദ്ധ്യപ്പെടുത്തുന്നതുകൊണ്ട് ലോകത്തിലെ ഏറ്റവും വലിയ കാൽനട തീർത്ഥാടന കേന്ദ്രമായി മഞ്ഞനിക്കര പെരുന്നാൾ മാറിയത്.

ആലുവാ തൃക്കുന്നത്തു സെമിനാരി സംബന്ധിച്ച ഉടമസ്ഥാവകാശം തെളിയിക്കാൻ രേഖകൾ ഹാജരാക്കണമെന്നാണ് ഒരു വിഭാഗം പറയുന്നത്. എനിക്ക് ഒന്നും തെളിയിക്കാനില്ല. എന്റെ പിതാവ് സമ്പാദിച്ച സ്വത്ത് സംരക്ഷിക്കാൻ എനിക്കു കടമയു്. അതിൽ നിന്നു പിറകോട്ടു പോകില്ല. മധ്യസ്ഥതയ്ക്കു ഇതര സഭകളിലെ ബഹുമാനപ്പെട്ട തിരുമേനിമാർ ഉൾപ്പെടെയുള്ളവർ വന്നെങ്കിലും മറുവിഭാഗം അതു വകവയ്ക്കുന്നില്ലെന്നും വലിയ വിപത്ത് ഒഴിവാക്കാൻ സർക്കാർ ഇടപെടണമെന്നും ശ്രേഷ്ഠ ബാവാ പറഞ്ഞു.

പാത്രിയർക്കീസ് ബാവായുടെ പ്രതിനിധി ആർച്ച് ബിഷപ്പ് മാർ ഗ്രിഗോറിയോസ് ശെമവൂൻ സ്ലീബാ അനുഗ്രഹ പ്രഭാഷണം നടത്തി. സെന്റ് ഏലിയാസ് തൃതീയൻ സ്വർണ്ണമെഡൽ സുന്നഹദോസ് സെക്രട്ടറി ജോസഫ് മാർ ഗ്രിഗോറിയോസ് സമ്മാനിച്ചു. യൂഹാനോൻ മാർ മിലിത്തിയോസ് അവാർഡ് ദാനം നടത്തി. ഡോ. യൂഹാനോൻ മാർ പീലക്സിനോസ്, ആഘോഷ കമ്മിറ്റി ചെയർമാൻ ഗീവർഗീസ് മാർ ദിവന്നാസിയോസ്, ദിവന്നാസിയോസ് മാർ അത്തനാസിയോസ്, മാത്യൂസ് മാർ തേവോദോസിയോസ്, എബ്രഹാം മാർ സേവേറിയോസ് ക്നാനായസഭ ആർച്ച ബിഷപ്പ് കുര്യാക്കോസ് മാർ സേവേറിയോസ്, സഹായ മെത്രാൻ കുര്യാക്കോസ് മാർ ഗ്രിഗോറിയോസ്, കെ. ഫ്രാൻസിസ് ജോർജ് എം.പി, മുൻമന്ത്രി ടി. യു. കുരുവിള എം. എൽ. എ, ജില്ലാ പഞ്ചായത്ത് സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ ഓമല്ലൂർ ശങ്കരൻ, ചെന്നീർക്കര പഞ്ചായത്ത് പ്രസിഡന്റ് ഏലിയാമ്മ യോഹന്നാൻ എന്നിവർ പ്രസംഗിച്ചു.

# പദയാത്രാ പുണ്യവുമായി വിശുദ്ധന്റെ കബറിങ്കൽ പതിനായിരങ്ങൾ മഞ്ഞനിക്കരയിലെത്തി

മഞ്ഞനിക്കര: കാൽനടയായ
യെത്തിയ തീർത്ഥാടക സംഘങ്ങ
യിലെ കെടാവിളക്ക് അനുഗ്രഹ
വഴികളെല്ലാം ഇന്നലെ വിശുദ്ധ
യിരുന്നു. പരിശുദ്ധ ഏലിയാസ്
യർക്കീസ് ബാവായുടെ കബറിൽ
ലക്ഷങ്ങളാണ് ഇന്നലെ മഞ്ഞനിക



രാവിലെ മുതൽ തന്നെ ദയറ
ടക പ്രവാഹം തുടങ്ങി. നടന്നു ക
തീർത്ഥാടകർക്കു ഭക്ഷണവും വെ
പലയിടത്തും ഒരുക്കിയിരുന്നു.
ഒരാഴ്ച മുമ്പ് ആരംഭിച്ച വടക്കന
ഇന്നലെ വൈകിട്ട് ആറന്മുള പമ്പ മണൽപുറത്ത് എത്തി വിശ്രമിച്ച ശേഷം ഇന്നു പുലർച്ചയാണ് യാത്ര തുടങ്ങിയത്. ആന്മുളയിൽ തുമ്പമൺ ഭദ്രാസന ഇടവകകൾ ഭക്ഷണപൊതി വിതരണം ചെയ്തു. യൂഹാനോൻ മാർ മിലിത്തിയോസ് ഫാ. കോശി പി. ജോർജ്ജ്, ഫാ.ഏലിയാസ് ജോർജ്ജ്, അലക്സ് കൊടുവശ്ശേരിൽ, അലക്സാർ കാരയ്ക്കാട്, കെ. ഇ.മാത്യു എന്നിവർ നേതൃത്വം നല്കി.

കൊല്ലം, തുമ്പമൺ ഭദ്രാസനങ്ങളിലെ കിഴക്കൻ മേഖലയിൽ നിന്നുള്ള കാൽനട തീർത്ഥയാത്ര പേരൂർക്കുളത്തു നിന്ന് ആരംഭിച്ചു കിഴക്കൻ മേഖലയിലെ വിവിധ പള്ളികളിലെ പദയാത്രയ്ക്കൊപ്പം ര രയോടെയാണ് ഓമല്ലൂരിലെത്തിയത്. മൂന്നാർ, അടിമാലി എന്നിവിടങ്ങളിൽ നിന്നാരംഭിച്ച ഹൈറേ ഞ്ച് മേഖലാ പദയാത്രയും റാന്നിയിൽ നിന്നാരംഭിച്ച പദയാത്രയും പത്തനംതിട്ട സെന്റ് കത്തീഡ്രലിലെ സ്വീകരണത്തിനു ശേഷമാണ് ഓമല്ലൂരിലെത്തിയത്.

കായംകുളം മേഖലയിൽ നിന്നെത്തിയ തെക്കൻ മേഖലാ പദയാത്രയും ഓമല്ലൂരിലെ സ്വീകരണ ത്തിനു ശേഷമാണ് മഞ്ഞനിക്കരയിലേക്കു നീങ്ങിയത്. പദ

സാബു. പി. ഇടുക്കിള, സി.ഐ. സുധാകരൻപിള്ള, എസ്ഐ സന്തോഷ്കുമാർ എന്നിവരുടെ നേതൃത്വത്തിൽ പോലീസ് സംഘം സ്ഥലത്തുായിരുന്നു.

കെഎസ്ആർടിസി പ്രത്യേക ഡിപ്പോ ആരംഭിച്ചു വിവിധ സ്ഥലത്തേക്കു സർവീസ് നടത്തി. ജില്ലാ മെഡിക്കൽ ഓഫീസിന്റെ നേതൃത്വത്തിൽ വിവിധ സ്ഥലത്ത് വൈദ്യസഹായം ഒരുക്കിയിരുന്നു. ഇറിഗേഷൻ വകുപ്പിന്റെ സേവനം വിലമതിക്കപ്പെട്ടതായിരുന്നു.





# മാരാമൺ കൺവൻഷൻ സമാപിച്ചു

## ദൈവസ്നേഹത്തിന്റെ മുദ്രകൾ അണിയണം: മാർ അത്താനാസിയോസ്

**മാരാമൺ :** വിലയില്ലാത്ത വിൽപ്പനച്ചരക്കായി മനുഷ്യർ മാറുന്ന ഇന്നത്തെ ലോകത്തിൽ ദൈവ സ്നേഹത്തിന്റെ മുദ്രകൾ അണിയേത് ആവശ്യ മാണെന്നു ഗീവർഗീസ് മാർ അത്താനാസിയോസ് പറഞ്ഞു. പാവപ്പെട്ടവനു സ്വാന്തനം നൽകാൻ തയ്യാ റാകാത്ത സമൂഹത്തിൽ വേറിട്ടു നിൽക്കാൻ അന്ത രാത്മാവിലെ നനവാണ് ആവശ്യം. അവയെല്ലാം പല പ്പോഴായി നഷ്ടപ്പെട്ടിരിക്കുന്നു. ജീവിതത്തിൽ നഷ്ട മായ കൃപകളെ അന്വേഷിക്കാനും വീടെടുക്കാനും ക്രിസ്തുവാകുന്ന വെളിച്ചം ആവശ്യമാണ്. അവൻ ക്രൂശിൽ പ്രദർശിപ്പിച്ച അവിശ്വസനീയമാം ഉദാത്ത മായ സ്നേഹത്തോട് മനുഷ്യന്റെ നന്ദിയാണ് ഒരു ക്രിസ്ത്യാനിയാവുക എന്നതെന്നും മാർ അത്തനാ സിയോസ് പറഞ്ഞു. മാരാമൺ കൺവൻഷൻ ആ റാം ദിനം പ്രഭാഷണം നടത്തുകയായിരുന്നു മാർ അത്തനാസിയോസ്.

ഈ ലോകത്തിന്റെ പ്രഭാപൂരത്തിൽപ്പെട്ടു വിസ്മ യിച്ചു നിൽക്കുകയാണ് എല്ലാവരും. അവിടെ ദൈവ കൃപകൾക്കായുള്ള അന്വേഷണം തെറ്റിദ്ധരിക്കപ്പെട്ട ഒന്നാകുന്നു. അതിന്റെ പരിണിത ഫലം പൂർണമായ നാശമാണ്. പുതിയ അന്വേഷണവും യാത്രയുമാണ് ലോകത്തിൽ ആവശ്യം. ഒരു തിരിച്ചുവരവിന്റെ മനോഹാരിത ഏറ്റവും ഫലപ്രദമായി വ്യക്തമാക്കു ന്നതാണ് വീട് വിട്ടിറങ്ങിപ്പോയ മകന്റെ തിരിച്ചുവര വിൽ ഉപാദികളില്ലാതെ സ്നേഹം നൽകുന്ന അപ്പന്റെ ഉപമ. ലൂക്കോസ് 15(24–32). ജീവനും മര ണവും എന്തെന്നു തിരിച്ചറിയാനുള്ള ക്ഷണപ്പത്ര മായി ഈ ഉപമ മാറുന്നു.

ധൂർത്തപുത്രൻ എന്ന വാക്ക് മാറ്റേതു്. മനു ഷ്യൻ തന്റെ മനോധർമം അനുസരിച്ചു നടത്തിയ കൂട്ടിച്ചേർക്കലുകളാണ് ആ വാക്ക്. ധൂർത്തമായ ഔദാര്യം കാണിച്ച അപ്പൻ എന്നാവണം ഉപമയുടെ പുതിയ മുഖം. ദൈവിക തലത്തിൽ പിശുക്കിനു സ്ഥാനമില്ല. നൂറ് ആടുകളിൽ നഷ്ടപ്പെട്ടുപോയ ഒന്നിനെ തേടി അലഞ്ഞ ദൈവമാണു സ്നേഹ ത്തിൽ ധൂർത്തനായി മാറുന്നത്. സ്നേഹത്തിന്റെ സമൃദ്ധിയുമായി മകനുവേി കാത്തിരുന്ന ഒരു പിതാവിന്റെ അടുത്തേക്കുള്ള മടങ്ങിവരവിനെ വിവി ധ തലങ്ങളിലാണു പരിശോധിക്കേത്. ഇളയ മക ന്റെ രോഗാഗ്രസ്തമായ കർമം ഭയക്കുന്നിടത്ത് പാദം വയ്ക്കുന്നതിന് അവനെ പ്രേരിപ്പിക്കുന്നു. അത് മൂലം നേടിയെന്നു കരുതുന്ന ജീവിതത്തിലെ ഭൗതിക സൗഭാഗ്യങ്ങൾ നഷ്ടപ്പെടുമ്പോൾ നാടകീയമായ തിരിച്ചറിവാണ് മനുഷ്യനെ കാത്തിരിക്കുന്നത്.

രോഗഗ്രസ്തമായ കർമത്തിനു ധൂർത്തപുത്രനെ പ്രേരിപ്പിക്കുന്നത് ഭൂമിയുടെ ആകർഷണം, ക്ഷണ നേരം കൊ് സ്വന്തമാക്കാവുന്ന സമ്പത്ത്, അധി കാരം, ലൗകിക ആഹ്ളാദം എന്നിവയാണ്. ഇന്നും അതിനു മാറ്റമില്ല എന്നത് മറ്റൊരു യാഥാർത്ഥ്യം.

സ്വന്തം വിഹിതം തരാൻ അവൻ പിതാവിനോട് ആവശ്യപ്പെടുന്നത് ജീവിത ബന്ധങ്ങൾ നഷ്ടപ്പെ ടുത്തിയാണ്. അധികാരത്തെയും മനസ്സിനെയും പണം കൊു വാങ്ങാമെന്ന രീതിയിലേക്ക് കാര്യ ങ്ങൾ മാറിയിരിക്കുന്നു. വേദപഠന ക്ലാസുകളിൽ പഠിച്ച ഗുണപാഠ കഥകൾ കടംകഥകളായി മാറി. പെട്ടെന്നു പണക്കാരനായി മാറുക എന്നതാണു ഇന്ന് ലോകത്തിന്റെ മന്ത്രം.

അപ്പന്റെ ഭൂമിയുടെ ആകർഷണത്തിനു കീഴ്പ്പെട്ട മകൻ പണത്തിനായി അവ വിൽക്കുന്നു. പാരമ്പര്യ വും സംസ്കാരവും പിതാക്കന്മാരുടെ മഹത്വവും വിപണനം ചെയ്യപ്പെടുകയാണ്. എല്ലാം അവൻ വിറ്റു കാശാക്കി. ഇന്നു സകല ബന്ധങ്ങളും നഷ്ടപ്പെട്ടി രിക്കുന്നു. മണ്ണും ജലവും പച്ചപ്പും വിറ്റുകൊിരി ക്കുന്നു. പ്രകൃതി നശിക്കുമ്പോൾ പ്രതികരിക്കാൻ കവികളും എഴുത്തുകാരും ഉന്നെ നിസ്സംഗത യുടെ പാരമ്യത്തിലാണ് സമൂഹം. അത്തരം കാഴ്ച കളൊന്നും നമ്മെ വേദനിപ്പിക്കുന്നില്ല. എന്നാൽ. പട്ടി യോടൊപ്പം ചങ്ങലയ്ക്കിട്ട കുട്ടിയും മഴയത്തു നട ത്തുന്ന റോഡ് പണിയും കാവൽക്കാരനെ മരത്തടി കൊ് അടിച്ചുകൊന്ന കലാലയ ജീവിതവും ആത്മീയതയുടെയും ഊർജം ചോർത്തിക്കളയുന്ന കാഴ്ചകളാണ്.

ഭയപ്പെടേ സ്ഥലത്ത് പാദം വച്ച അവന് അതി ന്റെ ഭീകരത മനസ്സിലായത് ജീവിതത്തിൽ വലിയ ക്ഷാമംവന്നപ്പോഴാണ്. രോഗഗ്രസ്തമായ കർമത്തി ന്റെ ഫലം ഭീകരമായ തകർച്ചയാവാം. യുവാവിന്റെ ജീവിതം തകർന്നടിയുന്നതു മറ്റൊരു ദേശത്താണ്. പന്നികളുടെ ഇടയിൽ ജീവിച്ചപ്പോഴാണ് പതനത്തി ന്റെ ആഴം അവനെ ഗ്രസിക്കുന്നത്. അതോടെ സു ബോധം ഉാകുന്നു. നിരർത്ഥകതയുടെ ലോകത്ത് ജീവിച്ച് യാതൊരു വിലയുമില്ലാത്തവയെ ആലിംഗനം ചെയ്ത് മരണത്തെ പുൽകുകയാണ് മനുഷ്യൻ. നാലു ദിവസം കൊ് 75 കോടി രൂപയുടെ മദ്യം അകത്താക്കിയ മലയാളിക്ക് എന്നാണ് സുബോധം ഉ ാ വുക?

സുബോധം വന്നിടത്ത് ഭീകരമായ തിരിച്ചുവരവ് ആരംഭിക്കുന്നു. ലോകത്തിലെ ഏറ്റവും സുന്ദരമായ അനുതാപത്തിലൂടെയാണ് അത് സാധ്യമാകുന്നത്. തന്നെ പരിതാപകരമായ അവസ്ഥയിലേക്കു തള്ളിവിട്ട പ്രശ്നങ്ങളുടെ ആഴം അവനു മനസ്സിലായി. അത്തരം തിരിച്ചുപോക്കുകൾക്കുള്ള ധൈര്യം മനുഷ്യനു നഷ്ടപ്പെട്ടിരിക്കുന്നു. തന്റെ പിതാവിനോടു പറയേ കാര്യം അവൻ ഏറ്റു പറയുന്നു. എന്നാൽ, മകന്റെ തിരിച്ചുവരവിനെക്കുറിച്ച് അപ്പൻ സംസാരിക്കുന്നത് മൂത്ത മകനോടും ദാസന്മാരോടുമാണ്. അവർ സംവേദനം നടത്തിയില്ല എന്നല്ല അതിന്റെ അർത്ഥം. അവരുടെ ഇടയിലുള്ളത് വിശുദ്ധമായ നിശ്ശബ്ദതയാണ്. ഏറെ കാര്യങ്ങൾ അവർ സംസാരിക്കുന്നു. ഭാഗം തരുക എന്നു പറഞ്ഞ് അപ്പനെ വിട്ടു പോയവൻ, തന്നെ ദാസനാക്കി മാറ്റുക എന്ന അപേക്ഷയുമായി എത്തുന്നു. പിതാവിന്റേത് അക്ഷോഭ്യമായ ഗാംഭീര്യമാണ്. അവൻ മരിച്ചവനായിരുന്നു. എന്നാൽ ഇപ്പോൾ ജീവിക്കുന്നു എന്ന് ദാസന്മാരോടു പറയുന്ന പിതാവിന്റെ സൗമ്യമായ ശബ്ദം ബലഹീനതയുടേതല്ല. നിലപാടിലെ ശരിയുടെ ബലം ആ വാക്കുകൾക്ക് ഇടിയുടെ മുഴക്കം നൽകുന്നു.

അപ്പന്റെ വാക്കുകൾ കേട്ടവൻ ജീവിതത്തിലേക്കു തിരിച്ചുവരികയാണ്. നിശാക്ലബ്ബുകളിൽ കേട്ട വാദ്യഘോഷങ്ങളല്ല അവനായി അപ്പനൊരുക്കിയത്. വീടന്തരീക്ഷത്തിലെ വാദ്യമേളം സ്നേഹനിധിയായ അപ്പനെ ചുറ്റിപ്പറ്റിയുള്ളതായിരുന്നു. നിശാക്ലബ്ബുകളിലെ ലക്ഷ്യബോധമില്ലാത്ത നൃത്തങ്ങൾ അവന്റെ ജീവനെ അപഹരിച്ചപ്പോൾ വീട്ടിലെ സംഗീതം അവനെ ജീവിതത്തിലേക്കു തിരിച്ചുകൊുവന്നു.

വീട്ടിൽ മടങ്ങി എത്തിയ മകനെ ചെരിപ്പും മേലങ്കിയും അണിയിക്കാൻ ദാസന്മാരോടു പറയുന്ന പിതാവ് പക്ഷേ, അവനെ തന്റെ മുദ്ര മോതിരം അണിയിക്കുന്നു. അപ്പനോടുള്ള അവന്റെ ബന്ധത്തെ സൂചിപ്പിക്കുന്ന മുദ്രമോതിരം അവൻ വിറ്റിരുന്നു. എന്നാൽ, ജീവിതത്തിൽ ദുർഘടങ്ങൾ വരുമ്പോൾ ഇത്തരം സ്നേഹമുദ്രകളാണ് നമ്മെ സഹായിക്കുന്നത്. മലയാള മനോരമ ചീഫ് എഡിറ്റർ കെ.എം.മാത്യുവിന്റെ ജീവചരിത്രമായ ‘എട്ടാമത്തെ മോതിരം’ എന്ന ഗ്രന്ഥത്തിൽ തന്റെ പേനയോടു ചേർ.ത്തുപിടിക്കുന്ന മോതിരത്തെക്കുറിച്ച് അദ്ദേഹം പരാമർശിക്കുന്നു്. പിതാക്കന്മാരുടെ സാന്നിദ്ധ്യവും പ്രാർത്ഥനയുമായി അതിനെ അദ്ദേഹം കരുതിയപ്പോൾ ദൈവം അനുഗ്രഹദാതാവായി മാറി. അതാണ് അദ്ദേഹത്തിനു ജീവിത വിജയം നൽകിയത്.

ജീവിത യാത്രക്കാരോട് പമ്പാ മണൽപ്പുറം ഒരു ക്ഷണപത്രം നീട്ടുകയാണ്. അവിടെ മൊഴിയുന്ന ജീവന്റെ വചനം നമ്മെ ഗാഢമായി സ്വാധീനിച്ച് രൂപാന്തരപ്പെടുത്തുന്നതിനുള്ള ക്ഷണമാണ് അത്. ടാഗോറിന്റെ ഒരു കവിതയിൽ ‘ഞാൻ പോയി മറയുമ്പോൾ ലോകത്തിനു പ്രകാശമേകാൻ ആരുന്നെ’ അസ്തമയ സൂര്യന്റെ ചോദ്യത്തിന് ഉത്തരം നൽകുന്നത് മൺചെരാതനാണ്. എനിക്കു കഴിയാവുന്ന വിധത്തിൽ വഴികാട്ടിയായി മാറാം എന്ന മൺചെരാതിന്റെ മറുപടിയാവണം ഓരോ മനുഷ്യന്റേതും. ചെറിയ സാക്ഷ്യങ്ങളിലൂടെ മൺചെരാതുക്കളായി മനുഷ്യൻ മാറേിയിരിക്കുന്നു. ക്രിസ്തുവിന്റെ സ്വാധീനത്താൽ പല രോഗങ്ങളും താളങ്ങളുമായി മാറാനുള്ള ക്ഷണമാണ് കൺവൻഷനുകൾ നൽകുന്നതെന്നും ഡോ. ഗീവർഗീസ് മാർ അത്തനാസിയോസ് പറഞ്ഞു.

## മഞ്ഞനിക്കരയെ വിശ്വാസ സാഗരമാക്കി പതിനായിരങ്ങൾ

മഞ്ഞനിക്കര (പത്തനംതിട്ട): ദയറയിൽ കബറടങ്ങിയ പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ അനുഗ്രഹം തേടി കാൽനടയായി എത്തിയ പതിനായിരങ്ങൾ മഞ്ഞനിക്കരയെ വിശ്വാസ സാഗരമാക്കി. മഞ്ഞനിക്കരയിലെ കെടാവിളക്കേ, ഞങ്ങൾക്കുവേി അപേക്ഷിക്കേണമേ, എന്ന പ്രാർത്ഥനയുമായാണ് വിശ്വാസികൾ എത്തിയത്. രു മണിയോടെ തെക്കൻ,കിഴക്കൻ, ഹൈറേഞ്ച് മേഖല പദയാത്രകൾ എത്തിയതോടെ മഞ്ഞനിക്കര വിശ്വാസികളെ കൊു നിറഞ്ഞു.വിശുദ്ധന്റെ കബറിൽ പ്രാർഥിക്കാനും നേർച്ചയിടാനുമായി വൻ തിരക്കായിരുന്നു. എഴുപത്തിയാറു വർഷം മുൻപു പരിശുദ്ധ ബാവായെ ഓമല്ലൂരിൽ നിന്നു മഞ്ഞനിക്കരയിലേക്ക് ആനയിച്ചതിന്റെ സ്മരണ പുതുക്കി തീർഥാടക സംഘങ്ങളെ ഓമല്ലൂർ കുരിശടിയിൽ സ്വീകരിച്ചു. റാന്നി മേഖലാ പദയാത്രയും ഒരാഴ്ച മുൻമ്പ് മാനന്തവാടിയിൽ നിന്നാരംഭിച്ച വടക്കൻ മേഖലാ പദായാത്രയും മൂന്നരയോടെ ഓമല്ലൂരിൽ സംഗമിച്ചു. വടക്കൻ മേഖലാ പദയാത്രയെ പാത്രിയാർക്കീസ് ബാവായുടെ പ്രതിനിധി ആർച്ച്ബിഷപ് മാർ ഗ്രിഗോറിയോസ് ശെമവൂൻ സ്ലിബയുടെയും മെത്രാപ്പൊലീത്തമാരുടെയും നേതൃത്വത്തിൽ സ്വീകരിച്ചു. കരിശടിയിലെ പ്രാർഥനയ്ക്കുശേഷമായിരുന്നു സ്വീകരണഘോഷയാത്ര.സുനഹദോസ് സെക്രട്ടറി ഡോ. ജോസഫ് മാർഗ്രിഗോറിയോസ്,ആഘോഷ കമ്മിറ്റി വൈസ് ചെയർമാൻ ഗീവർഗീസ് മാർ അത്തനാസിയോസ്, യൂഹാനോൻ മാർ മിലിത്തിയോസ്,മാത്യൂസ് മാർ തേവോദോസിയോസ്, ക്നാനായ സഭ ആർച്ച്ബിഷപ് കുര്യാക്കോസ് മാർസേവേറിയോസ്, ഇ.കെ.മാത്യൂസ് ഇലവിനാമണ്ണിൽ കോറെപ്പിസ്കോപ്പ, ആദായി ജേക്കബ്കോറെപ്പിസ്കോപ്പ തുടങ്ങിയവർ ചേർന്നാണു തിർഥാടക സംഘങ്ങളെ സ്വീകരിച്ചത്.വടക്കൻ മേഖലാ പദയാത്രികരോടൊപ്പം മെത്രാപ്പൊലീത്തമാരും നീങ്ങി.പാത്രിയാർക്കാ പതാകകളുടെയും മുത്തുക്കുടകളുടെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടെയായിരുന്നു ഘോഷയാത്ര. ദയറയിൽ എത്തിയശേഷം വിശുദ്ധന്റെ കബറിങ്കൽ തീർഥാടകർ പ്രാർഥനാനിരതരായി.

# ഉയിർപ്പ് സത്യമോ മിഥ്യയോ?

ഫാ. ഡാർലി എടപ്പങ്ങാട്ടിൽ

യേശുതമ്പുരാന്റെ ഉയിർത്തെഴുന്നേൽപ്പ് എന്നും ഒരു വിവാദവിഷയമായിരുന്നു.യഹൂദപ്രമാണികളുടെപ്രചാരണം ശിഷ്യന്മാർയേശുവിന്റെ ശരീരം മോഷ്ടിച്ചുകൊണ്ടുപോയി എന്നായിരുന്നു.ശക്തരായ ഭരണാധികാരികൾ പണം കൊടുത്തു തന്നെ ഉയിർപ്പിനെതിരെ പ്രചാരണം നടത്തി. യേശൂ ക്രൂശിൽ മരിച്ചിട്ടില്ലാ എന്നാണ് ഇസ്ലാമിക വിഭാഗത്തിന്റെയും വാദം. ക്രിസ്തു സത്യമായും ഉയിർത്തിട്ടില്ലെങ്കിൽ ലോകത്തിൽ സഭയ്ക്ക് പ്രസക്തിയില്ലാതാകും. ക്രൈസ്തവ ജീവിതം അർത്ഥ ശൂന്യവും സുവിശേഷ പ്രവർത്തനം അടിസ്ഥാനമില്ലാത്തതാകും. ദേവാലയങ്ങൾ ഇല്ലാതാകും. പ്രാർത്ഥന ഇല്ലാതാകും. ക്രൈസ്തവ സംസ്കാരത്തിന്റെ ആണിക്കല്ലിളകും. മനുഷ്യ ഹൃദയങ്ങളും ഈ ലോകം തന്നെയും ആശയക്കുഴപ്പങ്ങളുടെ കൂരിരിട്ടു കൊ് മൂടപ്പെ ടും. അപ്പോൾ ലോകത്തിലെ ധാർമ്മികതയുടെയും പ്രത്യാശയുടെയും ജീവിത മൂല്യങ്ങളുടെയും അടിസ്ഥാനം ക്രിസ്തുവിന്റെ പുനരുത്ഥാനമാണ്. ക്രൈസ്തവ ജീവിതത്തിന്റെയും ക്രിസ്തീ യ സഭയുടെ ശക്തിയുടെയും വളർച്ചയുടെയും രഹ സ്യം ക്രിസ്തുവിന്റെ ഉയിർപ്പല്ലാതെ മറ്റൊന്നുമല്ല. ഉയർപ്പ് യാഥാർത്ഥ്യമായതു കൊണ്ട് കുരിശിന് ആദരണീയത കൈ വന്നത്. ഇല്ലെങ്കിൽ അത് നഷ്ടമാകും. '' ഞാൻ ജീവിക്കുന്നതുകൊ് നിങ്ങളും ജീവിക്കും'' എന്നാണ് ക്രിസ്തു പറഞ്ഞത്.മരണത്തേയും മരണാനന്തര ജീവിതത്തേയും കുറിച്ച് ഒരു നൂതന ദർശനം നൽകുന്നതാണ്. ഉയിർപ്പിന്റെ പ്രഭാതം. തിന്മയ്ക്കുമേൽ നന്മയുടെയും ഇരുട്ടിന് മേൽ വെളിച്ചത്തിന്റെയും അസത്യത്തിൻ മേൽ സത്യത്തിന്റെയും ജയമാണ് ഈ പ്രഭാതം. തിന്മയ്ക്ക് ശാശ്വത നിലനില്പില്ല. സത്യം ക്രൂശിക്കപ്പെട്ടാലും ഉയിർക്കും. ഈ മഹൽ സത്യത്തെക്കുറിച്ച് മലയാളത്തിലെ മഹാ കവി ജി. ശങ്കരക്കുറുപ്പ് ' ഇന്നു ഞാൻ നാളെ നീ' എന്ന കവിതയിൽ മനോഹരമായി പ്രതിപാദിച്ചിട്ടു്.

"അന്തികത്തുള്ളൊരു പള്ളിയിൽ നിന്നുടൻ
പൊങ്ങിണാം എന്നു ദീന മണി സ്വരം
രായിരത്തോള മാുകൾക്കപ്പുറത്തു -
ായൊരാ മഹാ ത്യാഗത്തെയിപ്പൊഴും -
മൂകമാണെങ്കിലും മുച്ചത്തിൽ വർണ്ണിക്കും
ഏക മുഖമാം കുരിശിനെ മുത്തുവാൻ
ആരാലിറങ്ങി വരും ചില മാലാഖമാരായ് വരും
ക തുവെൺ മുഖിൽ തുുകൾ
പാപം ഹരിച്ചും പാരിന്നു വിണ്ണേറുവാൻ
പാതകാണിക്കും കുരിശേ ജയിക്കുക"

കുരിശുമരണവും ഉയിർപ്പും യാഥാർത്ഥ്യമല്ലെങ്കിൽ ലോകം എപ്രകാരം ഇരുട്ടിലേക്ക് പോകുമെന്ന് 'ദ് വേൾഡ് ഇൻ ഡാർക്കനസ്സ്'' എന്ന ഇംഗ്ലീഷ് സിനിമയിൽ സുന്ദരമായി പ്രതിപാദിച്ചിട്ടു്. ഒരു ആർക്കിയോളജിസ്റ്റിന്റെ ഗവേഷണവും പ്രഖ്യാപനവും അന്ത്യ കാലത്തെ മാനസാന്തരവുമാണ് സിനിമയിലെ ഇതിവൃത്തം. യേശുവിനെ കുരിശിച്ച ഗോൽ ഗോഥായിൽ മണ്ണുമാന്തി ഗവേഷണം നടത്തുന്ന ആർക്കിയോളജിസ്റ്റായി രംഗപ്രവേശനം ചെയ്യുന്ന കഥാനായകൻ ഒരു സുപ്രഭാതത്തിൽ നടത്തിയ പ്രഖ്യാപനം കേട്ട് ലോകം നടങ്ങുന്നു. യേശുവിനെ സംസ്കരിച്ച കല്ലറയും അതിനുള്ളിലെ യേശുവിന്റെ അഴുകാത്ത ശരീരവും അയാൾ കത്തെിപ്പോലും. തെളിവിനായി സുഗന്ധ ദ്രവ്യങ്ങളിട്ട് പൊതിഞ്ഞ ശരീരം (മൃതശരീരം) പ്രദർശിപ്പിക്കുകയും ചെയ്യുന്നു. യേശു ഉയിർത്തെഴുന്നേറ്റില്ല എന്ന വാർത്ത ലോകം മുഴുവൻ പരന്ന് ജനങ്ങൾ വൈഷ്യമത്തോടെ വിശ്വാസം ഉപേക്ഷിക്കുന്നതായി സിനിമയിൽ ചിത്രീകരിക്കുന്നു. കുരിശു രൂപങ്ങൾ നശിപ്പിക്കപ്പെടുകയും, ബൈബിൾ കത്തിക്കുകയും, വൈദികരും സിസ്റ്റേഴ്സും സന്യാസ ജീവിതം അവസാനിപ്പിക്കുകയും ചെയ്യുന്നു. സ്വർഗ്ഗവും നരകവും ഇല്ലെന്ന തോന്നൽ വന്നതോടെ ലോകം അരാജകത്വത്തിലായി. ധാർമ്മിക മൂല്യങ്ങൾ നഷ്ടപ്പെട്ട ലോകം കൂരിരുട്ടിലായി. അപ്പോഴേക്കും സിനിമയിലെ ഹീറോ ആർക്കിയോളജിസ്റ്റ് ആരോഗ്യം നഷ്ടപ്പെട്ട കിടപ്പിലാകുന്നു. മരണ കിടക്കയിൽ വച്ച് തന്റെ അപരാധം അദ്ദേഹം കുമ്പസാരത്തിൽ ഏറ്റു പറയുന്നു. യേശുവിന്റെ കല്ലറ ശൂന്യമായിരുന്നുവത്രെ. തുണിയിൽ പൊതിഞ്ഞ് പ്രദർശിപ്പിച്ച മൃത ശരീരം വേറൊരു കല്ലറയിൽ നിന്നും മോഷ്ടിച്ചതായിരുന്നു. ഇങ്ങനെ കഥ സംവിധായകൻ അവസാനിപ്പിക്കുന്നു. ലോക ചരിത്രത്തിൽ യേശു ക്രിസ്തുവിന്റെ ഉയിർപ്പിനുള്ള അദ്വിദീയ സ്ഥാനം ഈ കഥ നമുക്കു വെളിപ്പെടുത്തുന്നു. പക്ഷെ ശൂന്യമായ കല്ലറ മാത്രമല്ലായിരുന്നു അന്ന് ഉയിർപ്പിന്റെ തെളിവ്. മരിച്ചടക്കപ്പെട്ട യേശു വീും ജീവനുള്ളവനായി ജീവനുള്ളവരുടെ ഇടയിൽ ശിഷ്യന്മാർക്കും മറ്റനേകം പേർക്കും പല പ്രാവശ്യം പ്രത്യക്ഷപ്പെട്ടു എന്നുള്ളതും കൂടിയാണ്. യേശുവിന്റെ അപ്പോസ്തലന്മാരിൽ യോഹന്നാൻ ശ്ലീഹാ ഒഴികെ മറ്റെല്ലാവരും രക്തസാക്ഷിത്വ മരണം പ്രാപിച്ചത് ആൾ കും കേട്ടും സ്പർശിച്ചും രുചിച്ചും അറിഞ്ഞ യേശുവിന്റെ കുരിശു മരണത്തിന്റെയും ഉയിർപ്പിന്റെയും സത്യത്തിനു വേിയായിരുന്നു. യേശു മരണത്തെ ജയിച്ച് ഇന്നും ജീവിക്കുന്നു. യേശുവിന്റെ ഉയിർപ്പ് നമ്മുടെ ജീവിതത്തിലും ഒരു യാഥാർത്ഥ്യമായിതീരണം. വിശുദ്ധ മാമ്മോദീസായിൽ കൂടി നാം ആ പുനരുത്ഥാനത്തിൽ പങ്കു ചേരുന്നു. ക്രിസ്തുവിനോടു കൂടി മരിച്ച് അടയ്ക്കപ്പെട്ട് ഉയിർത്തെഴുന്നേല്ക്കുന്ന അനുഭവമാണ് മാമ്മോദീസാ വെള്ളത്തിൽ ശിശുവിനെ മുക്കി ഉയർത്തുമ്പോൾ ഉാവുന്നത്. ഉയിർപ്പും പെരുന്നാളും മാമ്മോദീസായും തമ്മി

# സംഘർഷം സൃഷ്ടിക്കാൻ ഓർത്തഡോക്സ് വിഭാഗത്തിന്റെ ശ്രമം: യാക്കോബായ സഭ

**കോട്ടയം:** സമാധാനപരമായി ആരാധന നടക്കുന്ന ദേവാലയങ്ങളിൽ സംഘർഷം സൃഷ്ടിക്കാനാണ് ഓർത്തഡോക്സ് വിഭാഗത്തിന്റെ ശ്രമമെന്നു യാക്കോബായ സഭ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ജോസഫ് മാർ ഗ്രിഗോറിയോസ്, ഭദ്രാസന സെക്രട്ടറി കുര്യാക്കോസ് കോർ എപ്പിസ്കോപ്പ കിഴക്കേടത്ത്, കല്ലുങ്കത്ര പള്ളി വികാരി ജയിംസ് കോർ എപ്പിസ്കോപ്പ കമുാരിൽ എന്നിവർ ആരോപിച്ചു.

കോട്ടയം ഭദ്രാസനത്തിലെ ഒരു ദേവാലയത്തിലും പ്രശ്നങ്ങൾ നിലവിലില്ല. കല്ലുങ്കത്ര സെന്റ് ജോർജ് യാക്കോബായ സുറിയാനിപള്ളി സംബന്ധിച്ചുള്ള കേസ് വിസ്താരത്തിന്റെ അവസാന ഘട്ടത്തിലാണ്. മനു ചില ലക്ഷ്യങ്ങൾ മുന്നിൽ കാണ് ഇപ്പോൾ ഓർത്തഡോക്സ് സഭയുടെ നീക്കം.

കല്ലുങ്കത്ര യാക്കോബായ സുറിയാനിപള്ളി ഭരണം 1981-ൽ ഇരുവിഭാഗവും അവരവരുടെ പൊതുയോഗ നിശ്ചയമനുസരിച്ച് തയ്യാറാക്കിയ ഉടമ്പടി അനുസരിച്ചാണ്.

ഇതനുസരിച്ച് യാക്കോബായ വിഭാഗത്തിനു പൂർണ സ്വാതന്ത്ര്യത്തോടെ ആരാധന നടത്തുവാൻ തീരുമാനമായി. മണലേൽ പള്ളി മറുവിഭാഗത്തിനു പൂർണ സ്വാതന്ത്ര്യത്തോടെ ഉപയോഗിക്കാമെന്നും നിശ്ചയിച്ചു.

ഓർത്തഡോക്സ് വിഭാഗത്തിനു ശവസംസ്കാരത്തിനു സെമിത്തേരി ഉപയോഗിക്കാൻ ധാരണയു്. എന്നാൽ മണലേൽ പള്ളി വികാരിയായി നിയമതനായ ഫാ.കെ.എം.സക്കറിയ കൂടത്തിങ്കൽ താനാണ് കല്ലുങ്കത്ര പള്ളിയുടെ വികാരിയെന്നു പ്രഖ്യാപിക്കണമെന്നും 190 വർഷം പഴക്കമുള്ള കല്ലുങ്കത്ര യാക്കോബായ പള്ളിയിൽ നടത്താൻ ഉദ്ദേശിക്കുന്ന പുനരുദ്ധാരണ പണികൾ തടയണമെന്നും ആവശ്യപ്പെട്ട് കോട്ടയം മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തു.

ഈ കേസ് 1981 ലെ ഉടമ്പടിക്കു വിരുദ്ധമാണ്. കോടതി കല്ലുങ്കത്ര സെന്റ് ജോർജ് യാക്കോബായ പള്ളിയുടെ അനുകുനുപ്പണികൾ നിലവിലുള്ള പള്ളിക്കു വ്യത്യാസം വരുത്താതെ നടുത്തുന്നതിന് അനുവാദം നൽകി.

കഴിഞ്ഞ ശനിയാഴ്ച കല്ലുങ്കത്ര യാക്കോബായ സുറിയാനി പള്ളിയിലെ വിശ്വാസികൾ മഞ്ഞനിക്കര പെരുന്നാളിൽ പങ്കെടുക്കാൻ പോയ സമയത്തു രാവിലെ 8.30ന് ഫാ. സക്കറിയയും ചില ആളുകളും സെമിത്തേരിയിൽ ധൂപപ്രാർഥന നടത്താനെത്തി. പള്ളിയുടെ പ്രധാന ഗെയ്നുകൾ ഞായറാഴ്ചകളിലും മനു വിശേഷ ദിവസങ്ങളിലും കല്യാണം, ശവസംസ്കാരം തുടങ്ങിയ കാര്യങ്ങൾക്കു മാത്രമാണു തുറന്നിടുന്നത്.

മനു ദിവസങ്ങൾ പ്രധാന ഗെയ്നിനു സമീപമുള്ള ചെറിയ ഗെയ്ന് 24 മണിക്കൂറും തുറന്നിടാറു്. എന്നാൽ ധൂപപ്രാർഥന നടത്തുന്നതിനായി ചെറിയ ഗെയ്നിലൂടെ പള്ളി കോംപൗിൽ കയറിയ ഫാ. സക്കറിയായും കൂടെ ഉായിരുന്ന മണലേൽ ഓർത്തഡോക്സ് പള്ളിയിലെ ചില ഇടവകാംഗങ്ങളും കൂടി സെന്റ് ജോർജ് പള്ളിയോടും ചേർന്നുള്ള സെന്റ് മേരീസ് സിംഹാസന പള്ളിയുടെ പൂട്ടികിടക്കുന്ന ഗെയ്ന് തല്ലിതകർത്തു.

ഞായറാഴ്ച ഫാ. സക്കറിയയും സാമൂഹിക വിരുദ്ധരും കൂടി കല്ലുങ്കത്ര പള്ളി സെമിത്തേരിയിൽ എത്തി. സെമിത്തേരിക്ക് വെളിയിൽ നിന്ന അച്ചനും സംഘവും ആക്രോശങ്ങളും അസഭ്യവർഷവും നടത്തി.

കല്ലുങ്കത്ര യാക്കോബായ പള്ളി ഇടവകാംഗങ്ങൾ സംയമനം പാലിച്ചതിനാൽ മന് അനിഷ്ട സംഭവങ്ങൾ ഒന്നും ഉായില്ല. ഇവിടെ മുഴുവൻ സംഭവങ്ങളും പൊലീസിന്റെ സാന്നിധ്യത്തിലാണു നടന്നത്. ആരും അച്ചനയോ മനുള്ളവരെയോ മർദിക്കുകയോ വാഹനത്തിനു കേടുപാടുകൾ വരുത്തുകയോ ചെയ്തിട്ടില്ലെന്നവർ പറഞ്ഞു. യാക്കോബായ വിശ്വാസികളെ ചില ഉന്നതരുടെ സഹായത്തോടെ കള്ളക്കേസുകളിൽ കുടുക്കിയും മാധ്യമങ്ങളിലൂടെ കള്ള പ്രചരണം നടത്തിയും മാനസിക പീഡനം നടത്തുവാനുള്ള ശ്രമത്തിൽ നിന്ന് പിന്തിരിയണമെന്ന് അവർ ആവശ്യപ്പെട്ടു.

---

ലുള്ള അഭേദ്യമായ ബന്ധം കൊാണ് ആദിമ സഭയിൽ മാമ്മോദീസാ ശുശ്രൂഷ പ്രധാനമായും ഉയിർപ്പു പെരുന്നാളിൽ മാത്രമായി നടത്തി വന്നത്. യേശുവിന്റെ ഉയിർപ്പാൽ നമുക്കും സൃഷ്ടിക്കൊക്കെയും മരണത്തിൽ നിന്നും വിടുതലും പുതുജീവനും ഉറപ്പായിരിക്കുന്നു. തന്റെ പീഢയിലും മരണത്തിലും പങ്കാളികളായവർക്കേ തന്റെ ഉയിർപ്പിൽ പങ്കാളിത്തമുള്ളവെന്നതു നാം മറക്കരുത്. ക്രൈസതവസഭയിലെ ഏറ്റവും വലിയ പെരുന്നാളാണ് ഉയിർപ്പു പെരുന്നാൾ. യപ്പദോക്യൻ പിതാക്കന്മാരിലൊരാളായിരുന്ന നിസായിലെ മാർഗ്രീഗോറിയോസ് ഈസ്റ്ററിനെ വിശേഷിപ്പിച്ചത് പകലിനേക്കാൾ പ്രോജ്ജലമായ പ്രകാശ പെരുന്നാളെന്നാണ്."ക്രിസ്തുവിന്റെ പുനരുത്ഥാനമാണ് സഭയുടെ അടിസ്ഥാനക്കല്ല്. അതുകൊാണ് പൗലോസ് അപ്പോസ്തലൻ മിക്കപ്രസംഗങ്ങളിലും ആവർത്തിച്ചിട്ടുള്ളതു."ക്രിസ്തു ഉയർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊരി.15:14) ഉയിർത്തെഴുന്നേറ്റ യേശുവിനെ നേരിൽ കതായ അപ്പോസ്തലന്മാരുടെ അനുഭവസാക്ഷ്യമായിരുന്നു ആദിമസഭയുടെ വളർച്ചയ്ക്കു ഏറെ സഹായിച്ചത്.



ധ്യാനപംക്തി

# നോമ്പിന്റെ അഞ്ചാം ഞായറാഴ്ച (ക്പിപ്തോ)



**ലൂ. 10:25-37; ലൂ. 7: 11-17; ലൂ. 13:10-17.**

നോമ്പിന്റെ അഞ്ചാമത്തെ ഞായറാഴ്ചയ്ക്കു ക്പിപ്തോ ഞായറാഴ്ചയെന്നു പേർ പറയുന്നു. 'ക്പിപ്തോ' എന്നാൽ കൂനിയെന്നാണർത്ഥം. കർത്താവു സംഘാലയത്തിൽ വച്ച് ശാബദ് ദിവസം ഉപദേശിച്ചുകൊിരിക്കുമ്പോൾ അവിടെ പതിനെട്ടു കൊല്ലമായി നിവരുവാൻ മേലാതെ കൂനിയായി ഒരാൾ ഉായിരുന്നു. അവളെ കിട്ട് കർത്താവ് അവളെ വിളിച്ച് അവളുടെമേൽ കൈവച്ച് അവളെ സുഖമാക്കി. അവൾ കൂനു നിവർന്ന് ദൈവത്തെ സ്തുതിച്ചു. ആ സംഭവമാണ് ഏവൻഗേലി വായനയിൽ. സന്ധ്യയുടെ ഏവൻഗേലിയോനിൽ നല്ല ശമര്യക്കാരന്റെ കഥയാണ്. പ്രഭാതത്തിന്റെ ഏവൻഗേലിയോൻ നയിനിലെ വിധവയുടെ മകനെ കർത്താവു ഉയർപ്പിച്ചതിനേക്കുറിച്ചാണല്ലോ. കുർബ്ബാ നയുടെ ഏവൻഗേലിയോൻ കൂനിയെ നിവർത്തിയതുമാണ്. ഇവ മൂന്നും ലൂക്കോസിന്റെ സുവിശേഷത്തിൽ നിന്നു തന്നെയാണ്. ''നിന്റെ അയൽക്കാരനെ നിന്നേപ്പോലെ സ്നേഹിക്കേണം'' എന്ന് കർത്താവ് ഒരു ന്യായപ്രമാണ ശാസ്ത്രിയോടു പറഞ്ഞപ്പോൾ എന്റെ അയൽക്കാരനാര്? എന്നവൻ ചോദിച്ചു. കർത്താവ് ഒരു കഥ പറഞ്ഞു അവനെ കേൾപ്പിച്ചതാണ് നല്ല ശമര്യാക്കാരന്റെ കഥ. ഒരുത്തൻ യരുശലേമിൽ നിന്ന് യറീഹോവിലേക്കു പോകുന്നവഴിക്ക് കള്ളന്മാരുടെ കയ്യിലകപ്പെട്ടു. അവന്റെ വസ്ത്രമഴിച്ചെടുത്ത് അവനെ അവർ തല്ലിയടിച്ചു മുറിവേൽപ്പിച്ചു അർത്ഥപ്രാണനാക്കി വഴിയിലിട്ടു പൊയ്ക്കളഞ്ഞു. അതിലേ കടന്നുപോയ പുരോഹിതനോ, ലേവ്യനോ അവനെ തിരിഞ്ഞുനോക്കാതെ ഒഴിഞ്ഞുമാറിപ്പോയി. ഒരു ശമര്യാക്കാരൻ അതിലേ വന്നു. അവൻ അയാളെ ശുശ്രൂഷിച്ചു. അവന്റെ മുറിവുകളിൽ എണ്ണയും വീഞ്ഞും പകർന്ന് വെച്ചുകെട്ടി അവനെ ഒരു വഴിയമ്പലത്തിൽ കൊുചെന്നാക്കി, വഴിയമ്പലക്കാരനെ വിളിച്ച് അയാളുടെ ആവശ്യങ്ങൾ നോക്കിക്കൊള്ളാൻ പറഞ്ഞ് രു ദിനേറൊ അവിടെ ഏല്പിക്കുകയും, കൂടുതൽ വല്ലതും ചിലവാക്കിയാൽ താൻ വരുമ്പോൾ തന്നുകൊള്ളാമെന്നും പറഞ്ഞിട്ടു പോകയും ചെയ്തു. ഈ മൂവരിൽ ആരാണ് ആ യാത്രാക്കാരന്റെ അയൽക്കാരൻ എന്നു കർത്താവു ചോദിച്ചു. ശാസ്ത്രി, ആ ശമര്യാക്കാരൻ തന്നെ എന്നു പറഞ്ഞു. നീ പോയി അപ്രകാരം ചെയ്യുകയെന്നു കർത്താവു പറഞ്ഞു.

ആതുര ശുശ്രൂഷയ്ക്കു ഇതു നല്ല ഒരു ഉദാഹരണമാണ്. പുരോഹിതനായതകൊോ ലേവ്യനായതുകൊോ വിശേഷമൊന്നുമില്ല. പരോപകാരിയും കഷ്ടപ്പെടുന്ന തന്റെ സഹോദരനേക്കുറിച്ചു സഹതാപമുള്ളവനുമല്ലെങ്കിൽ ഫലമില്ല. ശമര്യാക്കാർ യഹൂദന്മാരുമായി സമ്പർക്കമില്ലാതെ താണവരായി കണക്കാക്കപ്പെട്ടിരുന്നവരാണ്. അവരോടു വെള്ളം പോലും യഹൂദർ വാങ്ങി കുടിക്കുകയില്ല. (യോഹ. 4:9) അങ്ങിനെ ഹീനയായി ഗണിക്കപ്പെട്ടിരുന്നവനാണ് ദയയും, സേവനമനോഭാവവും കാണിച്ചത് ദൈവമുമ്പാകെ അതിനാണ് മേന്മ. അവയില്ലാതെ, പരോഹിതനോ ലേവ്യനോ ആയാലും ഫലമില്ല. ഡോക്ടറും മരുന്നും ചികിത്സയും, ശുശ്രൂഷയും ദൈവത്തിനൊത്തതല്ല, പ്രാർത്ഥന മാത്രം മതിയെന്നു പറയുന്ന ക്രിസ്തീയ വകുപ്പുകാരു്. ഈ കഥയിൽ പറയുന്ന മനുഷ്യന്റെ മുറിവുകൾ കഴുകി വീഞ്ഞും എണ്ണയും പകർന്ന് കെട്ടിയത് അന്നത്തെ രീതിയ്ക്കു ചികിത്സയും ശുശ്രൂഷയുമാണ്. ഇതെഴുതിയ ലൂക്കോസ് തന്നെ ചിത്രകാരനും വൈദ്യനുമായിരുന്നുയെന്ന് ചരിത്രം പറയുന്നു്. കർത്താവ് ശമര്യാക്കാരൻ ചെയ്തത് നല്ല ഒരു മാതൃകയായിട്ടാണ് പറയുന്നത്. പ്രാർത്ഥന മാത്രം മതിയെന്നു പറയുന്നവർ ഇതിനെക്കുറിച്ചെന്തു പറയുമെന്നറിഞ്ഞില്ല. കാണപ്പെടാവുന്ന തന്റെ സഹോദരനെ സ്നേഹിക്കാത്തവൻ കാണപ്പെടാത്ത ദൈവത്തെ എങ്ങിനെ സ്നേഹിക്കും? അതു സാദ്ധ്യമല്ല. സഹോദരൻ മുറിവേനു അർത്ഥ പ്രാണനായി കിടക്കുന്നതു കിട്ടു ഒഴിഞ്ഞു മാറിപോകുന്നവൻ ദൈവത്തെ സ്നേഹിക്കുന്നുയെന്നു പറയുന്നതു കള്ളമാണ്. അവൻ ദൈവത്തിൽ നിന്നു വളരെയകന്നവനാണ്. നമ്മൾ മനുള്ളവരുടെ മുട്ടും, ആവശ്യവും, പ്രയാസവും കിട്ട് ഒഴിഞ്ഞു മാറിയിട്ടില്ലേ എന്ന് സ്വയം ചോദിക്കാം. നാമങ്ങിനെ ചെയ്യരുത്. ഞാൻ നഗ്നനായിരുന്നു, നിങ്ങളെന്നെ ഉടുപ്പിച്ചു, ഞാൻ രോഗിയായിരുന്നു നിങ്ങളെന്നെ വന്നു കു ശുശ്രൂഷിച്ചുയെന്നു കർത്താവു പറയുന്നത് സാധുക്കളെ ശുശ്രൂഷിക്കയും സഹായിക്കയും ചെയ്യുന്നവരോ

ടാണ് (മത്തായി 25:35) ,ഹോദരനെ, അയൽപക്ക ക്കാരനെ, സാധുവിനെ സേവിക്കുന്നത് ദൈവത്തെ സേവിക്കുകയാണ്. നമ്മൾ വ്യക്തികളായും, ഇടവക യായും അപ്രകാരം ചെയ്യണം. വസ്ത്രമില്ലാത്തവന് വസ്ത്രം. ഭക്ഷണമില്ലാത്തവന് ഭക്ഷണം, ഭവനമി ല്ലാത്തതിന് ഭവനം ഇവ ദാനം ചെയ്ത് ദൈവത്തെ സ്നേഹിക്കയും സേവിക്കയും ചെയ്യണം. എന്നാൽ നമ്മൾ നല്ല ശമര്യാക്കാരന്റെ സ്ഥാനത്താകും. ദരിദ്രനെ കടാക്ഷിക്കുന്നവൻ ഭാഗ്യവാൻ (സങ്കീ. 41:1-2) അനർത്ഥ ദിവസത്തിൽ ദൈവം അവനെ വിടുവിക്കും എന്നിത്യാദി സങ്കീർത്തനക്കാരനും പറഞ്ഞിട്ടുല്ലോ. കർത്താവു നയിനിലെ വിധവ യുടെ മകൻ മരിച്ചു ചുമന്നുകൊു പോകുന്നത് ക് അവനെ ജീവിപ്പിച്ച് അവന്റെ അമ്മയെ ഏല്പി ച്ചു. കർത്താവ് വിധവയുടെ മേൽ കനിഞ്ഞു, എന്തു കൊന്നൊൽ അവൻ അവളുടെ ഏക പുത്രനും അവൾ വിധവയുമായിരുന്നു. മനുഷ്യരുടെ സങ്കട ത്തിൽ കർത്താവു സഹതപിക്കുന്നു. താൻ പൂർണ്ണ നാകയാൽ കൂടുതലായി സഹതാപം തോന്നും കർ ത്താവു മരിച്ച പലരെ ഉയിർപ്പിച്ചു. താൻ തന്നെയും മരിച്ചശേഷം ഉയർത്തു. നമുക്കു മരിച്ചാലും ഉയർപ്പു ന്നെു വാഗ്ദാനം ചെയ്തു. അതെല്ലാവർക്കും വിശ്വാസിപ്പാനെളുപ്പമായി, മരണത്തെക്കുറിച്ചുള്ള മനുഷ്യരുടെ ഭയം തന്നെ കുറഞ്ഞുപോയി. ആളു കൾക്കു ശരണവും ആശയവുമുായി. ക്രിസ്തു മരണത്തെ ജയിക്കുവാൻ വേി മരിച്ചു. മരിച്ചവരെ ഉയർപ്പിക്കുവാൻ കർത്താവിന്റെ ശിഷ്യന്മാർക്കും ശക്തി ലഭിച്ചു. അവരും പല-രെ ഉയർപ്പിച്ചു. കർത്താവു കൂനിയെ നിവർത്തിയതു അവളുടെ അപേക്ഷ പ്രകാരമല്ല. അവളെ സംഘാലയത്തിൽ കപ്പോൾ കർത്താവ് അവളെ വിളിക്കയായിരുന്നു. വൈദ്യൻ രോഗിയെ തേടുകയാണ്. പ്രതിഫലത്തി നു വേിയല്ല, പ്രതിഫലം കൂടാതെ സൗഖ്യം നൽകാൻ. അവൻ അവളുടെമേൽ കൈവച്ചു. അവളുടെ കൂനു നിവർന്നു. അവൾ ദൈവത്തെ സ്തുതിച്ചു. അന്നു ശാബദു ദിവസമായിരുന്നു. സംഘാലയ പ്രമാണി കോപിച്ച് ജനത്തെ ശാസിച്ചു. വേല ചെയ്വാൻ ആഴ്ചയിൽ ആറു ദിവസങ്ങളു ല്ലോ അന്നു വന്നു സൗഖ്യം പ്രാപിച്ചുകൊ ള്ളുവീൻ, ശാബദിൽ അരുത് എന്നു പറഞ്ഞു. വൈദ്യന്മാർ രോഗികളെ ചികിത്സിക്കുന്നതും സുഖപ്പെടുത്തുന്നതും കൊള്ളാം പക്ഷെ ശാബദിൽ തൊഴിൽ ചെയ്തുകൂടാത്തതുകൊ് ആ വക കാര്യങ്ങൾ അന്നു പാടില്ല. ഇതാ ഇവിടെ ഒരു വിപ്ലവകാരി ശാബദിൽ ഒരു രോഗിയെ വിളിച്ചു സുഖമാക്കുന്നു. എന്തൊരു കല്പന ലംഘനം! ന്യായപ്രമാണത്തെ അവഗണിച്ചു കളഞ്ഞിരിക്കു ന്നു. അവർ ന്യായപ്രമാണത്തിന്റെ അക്ഷരത്തിന്മേ ലാണ് പിടിക്കുന്നത്, ആന്തരിക അർത്ഥത്തിന്മേലോ ഉദ്ദേശ്യത്തിന്മേലോ അല്ല. കർത്താവു തക്കതായ മറുപടി നല്കി. കപട ഭക്താ നിങ്ങൾ നിങ്ങളുടെ കാളയേയൊ കഴുതയേയൊ തൊഴുത്തിൽ നിന്ന ഴിച്ചു വെള്ളം കുടിപ്പിക്കുന്നില്ലയോ? ഇവൾ അബ്ര ഹാമിന്റെ സന്തതിയാണ്. അവൾ പതിനെട്ടു കൊല്ല ക്കാലമായി സാത്താനാൽ ബന്ധിക്കപ്പെട്ടിരുന്നു. ശാബദു ദിവസം ആ ബന്ധനത്തിൽ നിന്നഴിച്ചു വിടുന്നതു ന്യായമല്ലയോ? സംഘാലയ പ്രമാണി ലജ്ജിച്ചുപോയി. ശാബദു മനുഷ്യനു വേിയാണ്, മനുഷ്യൻ ശാബദിനു വേിയല്ല എന്നു കർത്താവു മനൊരവസരത്തിൽ പറഞ്ഞിട്ടു്. മനുഷ്യൻ പുത്ര നായ താൻ ശാബദിന്റേയും കാർത്താവാണുതാനും. വിളഭൂമിയിൽ കൂടി കർത്താവും ശിഷ്യന്മാരും കട ന്നു പോയപ്പോൾ ശിഷ്യന്മാർ വിശന്നിട്ട് കതിർ കയ്യി ലിട്ടു തിരുമ്മി ഭക്ഷിച്ചതു സംബന്ധിച്ചും യഹൂദന്മാർ കുറ്റാരോപണം നടത്തുകയും കർത്താവ് അതിന് നീതികരണം നല്കി മറുപടി കൊടുക്കുകയും ചെയ്തു. ബെസ്ഹെസ്ദോ കുളത്തിന്റെയരികിൽ കിടന്നിരുന്ന മുപ്പത്തെട്ടു കൊല്ലക്കാലം രോഗിയായി രുന്നവനെ ശാബദു ദിവസം കർത്താവു സുഖമാക്കി കട്ടിലെടുത്തു നടക്കാൻ പറഞ്ഞതിനെക്കുറിച്ചും അവർ പ്രതിഷേധിച്ചു. ശാബദു ദിവസം കട്ടിൽ ചുമക്കുകയെന്നത് വലിയ നിയമ ലംഘനമായി നിന്നൊഴിഞ്ഞിരിക്കേ? അവർ നിയമത്തിന്റെ ബാഹ്യവശം മാത്രമാണു ചിന്തിച്ചത്. നിയമങ്ങൾ നല്ലതാണ്, കർത്താവു പ്രമാണങ്ങളും നിയമങ്ങളും പാലിക്കുന്നതിൽ എല്ലാവരേക്കാളും മുന്നിലാണ്. പക്ഷേ നിയമത്തിന്റെ അർത്ഥത്തിനാണ് കർത്താവു പ്രാധാന്യം കല്പിച്ചിരുന്നത്. എല്ലാ നിയമങ്ങൾക്കും ഒഴിവുകളു്. (There is exemption to every rule) എന്നുവെച്ച് നിയമങ്ങൾക്കു എപ്പോഴും ഒഴിവന്വേഷി ക്കുന്ന പ്രവണത തെന്നുമാണ്. ആത്മാവിൽ കൂനുള്ള വരാണോ നമ്മൾ എന്നു നമുക്ക് സ്വയം പരിശോ ധിക്കാം. കർത്താവിനെ അന്വേഷിച്ചു ദേവാലയത്തി ലേക്കു ചെല്ലാം. അവൻ നമ്മോടു സംസാരിക്കും. അവൻ നമ്മെ വിളിക്കുന്നു. അടുത്തു ചെല്ലണം. അ വൻ കൈനീട്ടി തൊട്ടു നമ്മുടെ ആത്മാവിന്റെ കെട്ട ഴിച്ചു കൂനു നിവർത്തട്ടെ. സാത്താന്റെ പിടിയും കെട്ടും അവൻ പട്ടക്കാരൻ വഴി അഴിച്ചുതരും. നമ്മു ടെ പാപങ്ങൾ മൂലമുള്ള നമ്മുടെ കൂനു നിവരണം. അങ്ങിനെ നമുക്ക് തന്നെ സ്തുതിച്ചു സ്തോത്രം ചെയ്യാം.

## അരിയും തിന്നു ആശാരിച്ചേയിയേയും കടിച്ചു പിന്നേയും പട്ടിക്കാ മുറുമുറുപ്പ്....
## നിൻ സ്തുതിയും ഹാലേലൂയ്യായും കർത്താവേ ഞാൻ നിർത്തരുതേ....

**'കല്ലുങ്കത്ര' തമ്പാൻ സംവിധാനം ചെയ്ത പൊറോട്ടു നാടകം**

ലോകാവസാനത്തിൽ കാലമടുക്കാറായെന്നുള്ളതിന്റെ ലക്ഷണമാണ്. തൃക്കുന്നത്തെ ചാപ്പലിലും കല്ലുങ്കത്രയിലെ സിമ്മിത്തേരിയിലും കത്. കർത്താവിനു സ്തുതിയും ഹല്ലേലൂയ്യാ പറയേനാവുകൾ ക, പ, മ, ത അക്ഷരങ്ങൾ കൊള്ളപോർവിളികളാണ് നടത്തുന്നത്. വൈദീകർ കുപ്പായം മടക്കികുത്തി അതും വിജാതീയരായ പോലീസ് സംഘത്തിന്റെ മുമ്പിൽ വെച്ച് വിളിക്കുന്ന മുദ്രാവാക്യങ്ങളും തെറിവിളികളും മദ്യപാനികളായ സംസ്ക്കാര ശൂന്യർ പോലും വിളിക്കില്ല. വൈദിക സെമിനാരിയിലെ പാഠ്യപദ്ധതിക്കു വ്യത്യാസം വരുത്തിയോ എന്നറിയില്ല. എന്തായാലും ഈ നാക്കിലാണല്ലോ അഗ്നിമയന്മാർ പോലും ഭയഭക്തിയോടെ വിറക്കുന്ന കർത്താവിന്റെ തിരുശരീരരക്തങ്ങൾ വെക്കപ്പെടുന്നത് എന്നോർക്കുമ്പോൾ ആ തീക്കട്ടക്ക് യാതൊരു വിലയും കല്പിക്കാത്ത കുപ്പായ വേഷധാരികളെ.... ഈ തിരുശരീര രക്തങ്ങൾ ഉയർത്തി വാഴ്ത്തുന്നതും സമാധാനമെന്ന് റൂശ്മാ ചൊല്ലുന്നതും ഇവർ തന്നെയാണല്ലോ. തിരുവനന്തപുരത്ത് പോലീസുകാരെ എറിഞ്ഞതും, ലാത്തി വാങ്ങി തിരിച്ചു തല്ലിയതും, ലജ്ജ കൊ് തല താഴുന്നു. അല്ലയോ യൂദന്മാരേ ഹാ! കഷ്ടം ഓർത്തഡോക്സ് സഭയ്ക്ക് പുതിയ മെത്രാന്മാരെ കാതോലിക്കായുടെയും നിയുക്തന്റെയും സഭാ സെക്രട്ടറിയുടെയും നേതൃത്വത്തിൽ തൃക്കുന്നത്തു ചാപ്പലിൽ വെച്ച് സ്ക്രീൻ ചെയ്യുകയുായി. യാക്കോബായ സഭയുടെ ശ്രേഷ്ഠ ബാവായേയും മെത്രാന്മാരേയും തെറി വിളിക്കുന്നത് എത്ര കേമമാക്കാമോ അപ്രകാരമുള്ള മിടുക്കന്മാരെ സെലക്ട് ചെയ്യുമെന്നു പറഞ്ഞതിന്റെ വെളിച്ചത്തിൽ കുപ്പായ വേഷധാരികൾ കലക്കി. മത്സരിച്ച് തെറിവിളി നടത്തി. ശ്രേഷ്ഠബാവായോ കബറിങ്കൽ മുട്ടുകുത്തി പിതാവേ! ഇവരോടു ക്ഷമിക്കേണമേ എന്നു പ്രാർത്ഥിച്ചു കടന്നു പോയി.

യാക്കോബായക്കാർ പട്ടത്വത്തേയും കുപ്പായത്തേയും ബഹുമാനിക്കുന്നവരാണ്. അതുകൊാണല്ലോ പത്തുപേരുപോലുമില്ലാത്ത പള്ളികളിൽ ഓർത്തഡോക്സ് അച്ചന്മാർ വിലസുന്നതും യാക്കോബായ പള്ളികൾ കയ്യേറുവാൻ കഴിയുന്നതും. അവർ പട്ടക്കാരല്ല എന്ന് യാക്കോബായക്കാർക്ക് ബോദ്ധ്യമായി വേതു പ്രവർത്തിക്കുമ്പോഴേ യാക്കോബായ പള്ളികളിലെ അതിക്രമം അവസാനിപ്പിക്കു. യാക്കോബായ പള്ളികളിൽ കടന്നു ചെന്നാൽ കുഴപ്പമില്ലെന്ന തോന്നൽ മാറ്റിയെടുക്കണം. തെക്കു പല പള്ളികളിലും അന്തോഖ്യാ വിശ്വാസികൾ ുെ്. പക്ഷേ ഒരു യാക്കോബായ വൈദീകൻ അവിടെ കേസും മനുമായി അതിക്രമിച്ചു കയറിയാൽ എന്തായിരിക്കും അനുഭവം? ചിന്തിച്ചു നോക്കൂ. അടിയും കൊടുത്ത് കുപ്പായവും വലിച്ചുകീറിയ സംഭവങ്ങൾ ധാരാളം. യാക്കോബായക്കാർ ഇതു വേപ്പോൾ ചെയ്യാതിരുന്നതാണ് പല പള്ളികളും നഷ്ടപ്പെടുവാനും പലയിടത്തും കേസ്സുകൾ ഉാവാനും കാരണമായത്.

കല്ലുങ്കത്രയിൽ 1981 മുതൽ യാതൊരു അലോസരവും കൂടാതെ ഓർത്തഡോക്സ് വിഭാഗത്തിനു സിമിത്തേരിയിൽ ശവമടക്കാനും ധൂപം വെക്കാനും അനുവദിച്ചിട്ടും നാളിതുവരെ ഒരു പ്രശ്നവും ഉാകാതിരിക്കവേയുമാണ് സഖറിയാച്ചൻ യാതൊരു പ്രകോപനവും കൂടാതെ തന്റെ ജീവനപകടത്തിലാണെന്നു കാണിച്ച് പരാതി നൽകി പോലീസ് സംരക്ഷണയിൽ വന്ന് ഗേറ്റ് പൊളിച്ചത്. ഉന്നത പോലീസ് ആഫീസറുടെ സംവിധാനത്തിൽ നടന്ന പൊറോട്ടു നാടകമാണ് പ് വ്യാജ പ്രസിദ്ധീകരണം ഇറക്കിയതിനു ഓർത്തഡോക്സ് സഭ ശാസിച്ച അച്ചനും ഗുകളും നടത്തിയത്.

പോലീസ് സംരക്ഷണം നൽകിയ ഒരാളിനെ ആക്രമിക്കാൻ കഴിയില്ലെന്ന സത്യം എല്ലാവർക്കുമറിയാവുന്നതാണ്. എന്നിട്ടും തമ്പാന്റെ കൂടെ മാനേജുമെന്റിൽ പെട്ട മാതാ ആശുപത്രിയിൽ തൊട്ടടുത്ത് മന് സ്വകാര്യ-ഗവ. ആശുപത്രികൾ ഉായിട്ടും പോകാതെ തന്നെ മർദ്ദിച്ചവശനാക്കിയെന്ന് പ്രചരിപ്പിച്ച് അഡ്മിനാക്കിയത്. അച്ചൻ ശരിക്ക് അഭിനയിച്ചെങ്കിലും യുക്തിക്ക് നിരക്കാത്തതായിപ്പോയി. സമാന സംഭവം കഴിഞ്ഞ വർഷം കുളനടയിൽ ഉായി. ഓർത്തഡോക്സ് വിഭാഗം കയ്യേറിയ ഭൂമി വില്ലേജാഫീസർ പോലീസ് സഹായത്തിൽ വന്ന് അളന്നു തിട്ടപ്പെടുത്തുന്നതു തടയാൻ വഴിയേ പോയ മാത്യു എന്ന യോക്കോബായക്കാരനെ അച്ചനും ഒരുകൂട്ടമാളുകളും കൂടി തല്ലിച്ചതച്ചു മരിക്കുമെന്നായപ്പോൾ ഇട്ടിട്ടുപോയി. ഈ നാടകത്തിനു നേതൃത്വം നൽകാൻ അന്നവിടെ ചുമതലയുായിരുന്ന അടൂർ ഡിവൈഎസ്പി കണ്ണങ്കോടു ഓർത്തഡോക്സ് ഇടവകാംഗമായിരുന്ന രാജുവായിരുന്നു. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം പോലീസ് തല്ലുകൊ് ഐ.സി. യുവിൽ കിടന്ന യാക്കോബായക്കാരനെതിരെ കേസ് രജിസ്റ്റർ ചെയ്തു. കല്ലുങ്കത്രപള്ളി റിസീവർ ഭരണത്തിലാക്കണമെന്നു കാണിച്ച് നൽകിയ ഹർജ്ജിക്കു പിൻബലം നൽകുവാനാണ് അച്ചൻ ഈ നാടകം കളിച്ചത്.

കെ.ഒ.ഫിലിപ്പ് കൈപ്പട്ടൂർ

# കർത്താവിന്റെ കബറിങ്കൽ

## (Tomb of Jesus Christ)

''യേശു ക്രൂശിക്കപ്പെട്ട സ്ഥലത്ത് ഒരു തോട്ടമുായിരുന്നു. തോട്ടത്തിൽ അതുവരെയും ആരെയും സംസ്ക്കരിച്ചിട്ടില്ലാത്ത ഒരു പുതിയ കല്ലറയും ഉായിരുന്നു. ശാബത് തുടങ്ങാറായിരുന്നതുകൊും കല്ലറ അടുത്തായിരുന്നതുകൊും അവർ യേശുവിനെ അതിൽ സംസ്ക്കരിച്ചു.'' (യോഹ. 19:41-42). (യോഹ. 19:41-42). അരിമത്യക്കാരൻ യൗസേഫിന്റേതായിരുന്നു ഈ തോട്ടവും കല്ലറയും. ക്യംതാ ദൈവാലയത്തിന് മദ്ധ്യഭാഗത്തായി കാണുന്ന ഒരു വലിയ കൂടാരത്തിലാണ് കബർ കാണപ്പെടുന്നത്. വലിപ്പമുള്ള 4 മാർബിൾ തൂണുകൾ ഈ കൂടാരത്തെ താങ്ങി നിർത്തുന്നു. ആകർഷണീയമായ വലിയ മെഴുകുതിരി കാലുകളും, തൂക്കുവിലക്കുകളും, ചിത്രപ്പണികളും 12 ശ്ലീഹന്മാരുടെ പതക്കങ്ങളും, മറ്റനേകം സ്വർണ്ണ, വെള്ളി, മാർബിൾ കൊുള്ള ചിത്രവേലകളും. കൂടാരത്തിന്റെ കവാടത്തിലും, അകത്തും കല്ലറയുടെ ചുറ്റുമായും കാണപ്പെടുന്നു. ഈ കൂടാരത്തിന് മുകളിലായി ക്യാംതാ ദൈവാലയത്തിന്റെ പ്രധാന മകുടമാണ്. സൂര്യപ്രകാശം നേരെ കൂടാരത്തിന്മേൽ വീഴത്തക്കവണ്ണം മകുടം രൂപകല്പന ചെയ്തിരിക്കുന്നു. വൃത്താകൃതിയിലുള്ള ഈ ഗ്ലാസ്സ് മകുടം ഏകദേശം 95 അടിയോളം ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. കൂടാരത്തിന് ചുറ്റും തടി കൊുള്ളതും അതിന്മേൽ ലോഹം കൊുള്ളതുമായ പുറംചട്ട പിടിപ്പിച്ചിരിക്കുന്നു. വിശ്വാസികൾക്ക് പുറമെ നിന്ന് മെഴുകുതിരി കത്തിക്കുവാനും ഉള്ള സജ്ജീകരണങ്ങൾ കൂടാരത്തിന് ഇരുവശത്തുമായി ക്രമീകരിച്ചിട്ട്. തീർത്ഥാടകരുടെ നല്ല തിരക്ക് ആയിരുന്നതിനാൽ കല്ലറ കാണ്മാൻ ക്യൂ നിൽക്കേതായി വരുന്നു.

കല്ലറയുടെ വാതിൽക്കൽ എപ്പോഴും ഒരു പുരോഹിതൻ ഉായിരിക്കും. ദീർഘ അർദ്ധവൃത്താകൃതിയിൽ വെണ്ണക്കല്ലുകളാൽ പണിതീർത്ത വാതിലിൽ കൂടി അകത്ത് പ്രവേശിക്കുമ്പോൾ ആദ്യം കാണുക, മാർബിളിൽ തീർത്ത ഒരു മണ്ഡപമാണ്. തറയും ഭിത്തിയും മേൽക്കൂരയും വിശിഷ്ടമായ വെണ്ണക്കല്ലുകളാൽ പാകിയിരിക്കുന്ന മുറിക്കുള്ളിലാണ് ഈ ഉയർന്ന പീഠം കാണുന്നത്. ''ഞായറാഴ്ച രാവിലെ ഇരുട്ടുള്ളപ്പോൾ തന്നെ, മഗ്ദലനക്കാരത്തി മറിയാമും കല്ലറയിൽ വന്നു'' (യോഹ. 20:1). അവിടെ വച്ച് മാലാഖമാർ അവർക്ക് പ്രത്യക്ഷരായി, എന്തിനാണ് നിങ്ങൾ കരയുന്നതെന്ന് ചോദിച്ചു (യോഹ. 20:13). ആ സ്ത്രീകൾ നിന്നിരുന്ന സ്ഥലമാണ്, മുറി. മദ്ധ്യത്തിൽ കാണുന്ന ഉയർന്ന പീഠത്തിൽ (മണ്ഡപം) മാലാഖ ഇരുന്നതായ കല്ല് സൂക്ഷിച്ചിരുന്നു.

ഈ ചെറിയ മുറിക്ക് ശേഷമാണ് കർത്താവിന്റെ കല്ലറയുടെ ചെറിയ പ്രവേശന കവാടം. പൊക്കം കുറഞ്ഞ വാതിൽ ആയതിനാൽ നന്നായി കുനിഞ്ഞ് വേണം പ്രവേശിക്കാൻ. 3, 4 പേർക്ക് മാത്രം മുട്ടുകുത്തി കബറിനെ ചുംബിച്ചു. വാഴ്ത്താൻ കൊുപോയിരുന്ന ആഭരണങ്ങളും മറ്റ് സാധനങ്ങളും ആ വിശുദ്ധ കല്ലറയുടെ മുകളിൽ വച്ച് പ്രാർത്ഥിച്ചു. 2000 വർഷം പുറകിലേക്ക് ......മനസ്സിന്റെ ഉള്ളിന്റെ ഉള്ളിൽ ഒരു മിന്നൽ പിണർ. വിശദീകരിക്കുക പ്രയാസം. എന്നോടൊപ്പം 4 പേർ കബർ മുറിയിൽ നിന്നും കണ്ണീരോടെ പുറത്തു വന്നു. കല്ലിൽ കൊത്തിയെടുത്ത കല്ലറ മാർബിൾ പാളികളാൽ മൂടപ്പെട്ടിരിക്കുന്നു. ചിത്രപ്പണികളാലും, തൂക്കു വിളക്കുകളാലും കബർ മുറി എത്രയും മോടിയായി അലങ്കരിക്കപ്പെട്ടിരിക്കുന്നു. തലയ്ക്കൽ മെഴുകുതിരി തട്ടത്തിൽ തിരികൾ കത്തിക്കൊിരിക്കുന്നു.

കല്ലറ സ്ഥിതി ചെയ്യുന്ന കൂടാരത്തിന്റെ ഒരറ്റത്തായി ഒരു ഇടുങ്ങിയ മുറിയും, ത്രോണോസും ഉ്. കല്ലഖ വാതിൽക്കൽ വച്ച് അടച്ച് മുദ്രവച്ചതും (ലൂക്കോ. 15:46) പിന്നീട് മാലാഖ ഉരുട്ടിമാറ്റിയതുമായ കല്ല് (ലൂക്കോ. 16:4) അവിടെയാണ് സൂക്ഷിരിക്കുന്നത്. ഇത് കോപ്റ്റിക് സഭയുടെ (ഈഗുപ്തായ) അധീനതയിൽ ഇരിക്കുന്നു. ക്യംതാ ദൈവാലയത്തിൽ, കോപ്റ്റിക് സഭയുടെ കൈവശത്തിലിരിക്കുന്ന ഏക സ്ഥാനവും ഇതു തന്നെ. പ്രവേശന കവാടത്തിൽ ഒരു പുരോഹിതൻ (റമ്പാൻ) നില്പ്. ഈ പുരോഹിതനായിരുന്നു, ഞാൻ കുർബ്ബാന മദ്ധ്യേ കർത്താവിന്റെ കബറിനെ നോക്കി ധൂപം വീശാൻ ചെന്നപ്പോൾ എന്നെ തുറിച്ചു നോക്കിയത്. ഞാൻ അവിടെ ചെന്നപ്പോൾ എന്നെ വീും ശ്രദ്ധിക്കുകയും തിരിച്ചറിയുകയും ചെയ്തു. സന്തോഷത്തോടെ എന്നെ കെട്ടിപ്പിടിച്ചു ചുംബിച്ചു. തലയിൽ കൈവച്ച് പ്രാർത്ഥിച്ചു. അവിടെ നിന്ന് ര് മെഴുകുതിരി, കുരിശ്, അല്പം കുന്തിരിക്കം, മറ്റ് ചില വിശുദ്ധ വസ്തുക്കളും എനിക്ക് തന്നു. അതിൽ ഒരു മെഴുകുതിരി കത്തിച്ച് പിടിച്ച് കല്ല് ഇരിക്കുന്ന സ്ഥാനത്ത് മുട്ടു

വനിതാപംക്തി (ചെറുകഥ)

# ഭാര്യയെ കിട്ടുന്നവന് നന്മ കിട്ടുന്നു (സദൃ. 18:22)

ഡി.ഷിബു ഈപ്പൻ ഫരീദാബാദ്

അത്യാവശ്യം തീർക്കുവാനുള്ള കുറച്ചു ജോലികൾകൂടി ചെയ്തു തീർത്ത് റെജി പെട്ടെന്നു തന്നെ തന്റെ ബൈക്ക് എടുത്ത് വീട്ടിലേക്കു യാത്രയായി. അവൻ ചിന്തിച്ചു സുനിത ഇന്നു ചൂടിലായിരിക്കും കാരണം അവളുടെ പപ്പയും മമ്മിയും ഇന്നു വരും എന്നറിഞ്ഞിട്ടും തനിക്ക് റയിൽവേസ്റ്റേഷനിൽ പോകാനോ അവരെ സ്വീകരിക്കാനോ സാധിച്ചില്ലല്ലോ? മനഃപൂർവ്വം അല്ലെങ്കിലും ആ വിഷയം എടുത്ത് അവൾ ബഹളമുാക്കും. അതിൽ അവളെ തെന്നു പറഞ്ഞിട്ടു കാര്യമില്ല. ഒരു മാസം മുമ്പ് അറിഞ്ഞതാണ് അവരുടെ ആഗമനവിവരം പക്ഷെ ജോലി ഭാരത്താൽ തനിക്ക് പോകാൻ സാധിച്ചില്ല. തെന് തന്റെ ഭാഗത്തുമുമു്. പിന്നെ അവൾ പറയുന്നതെല്ലാം താൻ തമാശരൂപത്തിൽ എടുക്കുന്നതിനാൽ കുറേ കൂടുതൽ പറയും എന്നു മാത്രം. ഒരാശ്വാസമുള്ളത് അവളുടെ പപ്പയും മമ്മിയും തന്നെ മനസ്സിക്കുന്നവരാകയാൽ മന് പ്രയത്നങ്ങളൊന്നുമില്ല. ചിന്തയെപ്പോലെ തന്നെ ബൈക്കും വേഗത്തിലായതിനാൽ പെട്ടെന്ന് വീടണഞ്ഞു. വി സ്റ്റാന്റിൽ വച്ച് കോളിംഗ് ബെല്ലിൽ വിരലമർത്തുമ്പോൾ മുഖത്ത് ഒരു പുഞ്ചിരി വിടർത്താൻ റജി മറന്നില്ല.

വാതിൽ തുറന്നപ്പോൾ വഴിവക്കിൽ പുതുതായി സ്ഥാപിച്ച ഹാലജൻ ലൈനുപോല മഞ്ഞളിച്ച ചിരിയുമായി നിൽക്കുന്ന കാന്തനെ ക സുനിതയ്ക്ക് എല്ലാ നിയന്ത്രണവും നഷ്ടപ്പെട്ടു. ഉച്ച മുതൽ വഴിക്കണ്ണുമായി നോക്കിയിരിക്കുകയാണ്. അവസാനം മൂന്നുമണിക്ക് സ്റ്റേഷനിൽ ചെല്ലുമ്പോൾ അവിടെയെങ്കിലും കാണുമെന്നു വിചാരിച്ചു. കാണാതായപ്പോൾ വന്ന കലി തീർത്തത് പാപം മൂത്ത മോൾക്കിട്ടും. സുനിത സകല ദേഷ്യവും ഒന്നിച്ചു കുടഞ്ഞിടാൻ ശ്രമിച്ചു. ഒരു കുട്ടിയെ ഒക്കത്തും മനേതിനെ കയ്യിലും പിടിച്ചാണ് ഞാൻ ഇന്ന് സ്റ്റേഷനിൽ പോയത്. എന്റെ അപ്പനും അമ്മയുമാണല്ലോ വരുന്നത്. എനിക്ക് പോകാതിരിക്കാൻ ആവല്ലല്ലോ? രു പിള്ളേരുടെ തന്തയായി ഇനി നിങ്ങൾക്ക് എന്നാണ് ഉത്തരവാദിത്വം വരുന്നത്. ഈ വീട്ടിലാണെങ്കിൽ കറിവെയ്ക്കാൻ ഒരു വകയില്ല. ഉച്ചയ്ക്കു വരുമ്പോൾ ഇറച്ചിയും മീനും വാങ്ങിവരാമെന്നു പറഞ്ഞ് പോയതാണ്; സാധിക്കില്ലാത്ത കാര്യങ്ങൾ വെറുതേ വീമ്പിളക്കരുത്. മോന്റെ സെറിലാക്ക് തീർന്നു ഇന്നലെ വന്നപ്പോൾ അതു മറന്നു. ആർക്കറിയാം ആരുടെ ചിന്തയിലാണ് നടക്കുന്നതെന്ന്; മോളുടെ സ്കൂൾ ബാഗ് കീറി തുടങ്ങി. പുതിയതു വാങ്ങണം എന്നു പറഞ്ഞിട്ട് ആഴ്ച ഒന്നു കഴിഞ്ഞു. ഫ്രിഡ്ജിന്റെ പ്ലഗ്ഗ് ലൂസ് കോൺട്രാക്ടാണ്, മോട്ടർ ശരിക്കു വെള്ളം എടുക്കുന്നില്ല; ഇതെല്ലാം ശരിയാക്കണം ഒന്നിനും ഒരു ചൂടും ചൂർമ്മയുമില്ല. ഈ വക പണിക്കൊന്നും വയ്യാത്തവർ കല്യാണം കഴിയ്ക്കാൻ പോകരുത്; വല്ല സന്യാസത്തിനോ മഠോ പോകണമായിരുന്നു. കുടുംബജീവിതം കഷ്ടപ്പെടാൻ തയ്യാറുള്ളവർക്ക് പറഞ്ഞിരിക്കുന്നതാണ്; സുനിതയ്ക്ക് നിറുത്താനുള്ള ഭാവമില്ലെന്നു മനസ്സിലാക്കി മമ്മി ശാന്തമ്മ അവരുടെ ഇടയിൽ വന്നു പറഞ്ഞു, മതിയെടീ, അവൻ വീട്ടിലേക്ക് കയറട്ടെ ഇനി സമയമുല്ലോ? തൽക്കാലം നീ അടങ്ങ് കാട്ടാളന്റെ അസ്ത്രമുനയിൽ നിന്നു രക്ഷപെട്ട മാൻകുട്ടിയെപ്പോലെ റജി ദീർഘനിശ്വാസമുതിർത്ത് അകത്തേക്കു കയറി. രക്ഷപെടുത്തിയതിന്റെ നന്ദിപോലെ അമ്മായിയമ്മയെ നോക്കി പുഞ്ചിരിക്കുന്നതിനിടയിലും ഭാര്യയെ ചൂടുപിടിപ്പിക്കാനായി ഒരു സിനിമാഗാനം മൂളി. പൂമുഖവാതിലിൽ സ്നേഹം വിടർത്തുന്ന പൂന്തിങ്കളാകുന്ന ഭാര്യ... അമ്മയുടെ വാക്കിനെ മാനിച്ച് തൽക്കാലിക വെടിനിർത്തൽ പ്രഖ്യാപിച്ച് പിൻ വാങ്ങിയ സുനിതയെ വീും ചൂടുപിടിപ്പിക്കാൻ ആ ഗാനശകലം ഒട്ടും കുറവായിരുന്നില്ല. വെട്ടുപോത്ത് തിരിയുന്നപോലെ തിരിഞ്ഞതാണ് എന്തോ? മാതാപിതാക്കളുടെ സാന്നിദ്ധ്യം മാനിച്ച് ഏതായാലും വായ്തുറന്നില്ല. പൂരം എറിഞ്ഞു വിട്ട റബ്ബർ പന്തുപോലെ നിലത്ത് ആഞ്ഞു ചവിട്ടി അകത്തേക്കുപോയി. പപ്പായോടും മമ്മിയോടും വിശേഷം തിരക്കിയശേഷം കുളിക്കാ

---

കുത്തി അതിൽ സ്പർശിച്ച് പ്രാർത്ഥിച്ചു. മെഴുകുതിരിയുടെ വെളിച്ചത്തിൽ കല്ല് ഏനവും നന്നായി കാണാമായിരുന്നു. പൊക്കം കുറഞ്ഞ ഒരു ത്രോണോസിന്റെ ഏനവും അടിയിലായി ഇത് ഉറപ്പിച്ചിരിക്കുന്നു. ഉരുട്ടിമാറ്റിയ ആ വലിയ കല്ലിന്റെ മുകൾ ഭാഗം മാത്രമെനമുക്ക് കാണാൻ സാധിക്കു. ബാക്കി ഭൂമിക്കടിയിൽ തന്നെ പുറമെ നിന്ന് നോക്കിയാൽ കാണാത്തക്കവണ്ണമാണ് കല്ല്. കുനിഞ്ഞിരുന്ന് നന്നായി കൈ നീട്ടിയെങ്കിലെ അതിൽ സ്പർശിക്കാൻ സാധിക്കൂ. അവിടെ നിന്ന് യാത്ര പറഞ്ഞ് ഇറങ്ങുമ്പോഴും ആ വന്ദ്യ റമ്പാച്ചൻ ആശ്ലേഷിച്ച് സ്നേഹ ചുംബനം തന്നു. റമ്പാച്ചന്റെ ര് മുഖങ്ങൾ എന്റെ മനസ്സിൽ ഇപ്പോഴും തങ്ങി നില്ക്കുന്നു. തുറിച്ച് നോക്കിയ മുഖവും പുഞ്ചിരിക്കുന്ന മുഖവും. ഇവിടെ നിന്ന് ഞങ്ങൾ പോയത് കർത്താവിന്റെ കുരിശ് കടെുത്ത സ്ഥലത്തേക്കായിരുന്നു.

നും മനുമായി റജിയും പിന്നാലെ അകത്തേക്കു പോയി

മകളുടെയും മരുമകന്റെയും പോക്ക് നോക്കിയിരിക്കുന്ന ഭർത്താവിനോട് ശാന്തമ്മ ശാന്തമായി പറഞ്ഞു ദേ കേട്ടോ; നമ്മുടെ മോൾക്ക് ഇതുവരെ ഒരു മാനുവുമില്ല; അവനോട് എന്തെല്ലാം അവൾ പറഞ്ഞു. അവൻ ക്ഷമയുടെ നെല്ലിപ്പലക കിട്ടും അവൾ പിന്നെയും പറഞ്ഞുകൊണ്ടേയിരിക്കുകയായിരുന്നു. ഇങ്ങനെ പോയാൽ കുടുംബജീവിതത്തിൽ പ്രശ്നങ്ങൾ ഉടലെടുക്കും അതിനാൽ നിങ്ങൾ ഇപ്പോൾത്തന്നെ അവളെ വിളിച്ചൊന്ന് ഉപദേശിക്കണം. ഉത്തമകുംടുംബജീവിതത്തിന് അനുസരണം അത്യാവശ്യമാണ് എന്ന് അനുഭവം പഠിപ്പിച്ചതിനാലും തന്റെയും മരുമകന്റെയും സ്വകാര്യ ജീവിതത്തിന് ഈ ഉപദേശം അനിവാര്യമാണ് എന്ന് മനസ്സിലാക്കിയതിനാലും റിട്ടയർഡ് അദ്ധ്യാപകനായ ചെറിയാൻ സാർ മകളെ വിളിച്ചു. താതന്റെ വിളികേട്ട് ഓടിവന്ന പുത്രിയേ സ്നേഹപൂർവ്വം അടുത്തിരുത്തി ആ ഉത്തമ പിതവ് തന്റെ കർത്തവ്യ നിർവ്വഹണം തുടങ്ങി- മോളെ; ഞാനൊരു കാര്യം പറഞ്ഞാൽ മോൾക്ക് വിഷമം തോന്നരുത് ഇന്ന് മോൾ ചെയ്തത് പൂർണ്ണമായും ശരിയല്ല. ഞാൻ നിന്നെ കുറപ്പെടുത്തുകയാണ് എന്നു ധരിക്കരുത്. നിന്റെ ഭർത്താവ് ജോലി കഴിഞ്ഞു വന്നപ്പോൾ അവനേ സന്തോഷത്തോടെ വിളിച്ച് അകത്തിരുത്തി ഒരു ഗ്ലാസ്സ് ചായയോ വെള്ളമോ കൊടുത്തശേഷം ഈ പറഞ്ഞ കാര്യങ്ങൾ മുഴുവൻ അല്പംകൂടി മയത്തിൽ അവനോട് പറഞ്ഞിരുന്നു എങ്കിൽ അത് ഫലം കാണുകയും ചെയ്തേനെ. രുപേർക്കും അനാവശ്യമായ ടെൻഷനും ഉാകില്ലായിരുന്നു. വി. യാക്കോബു ശ്ലീഹാ പറയുന്നു കപ്പൽ എത്രവലുതായിരുന്നാലും ചെറിയ ചുക്കാൻ അതിനെ നിയന്ത്രിക്കുന്നു. അങ്ങനെ നാവും ചെറിയ അവയവം എങ്കിലും വളരെ വമ്പു പറയുന്നു; കുറഞ്ഞ തീ എത്രവലിയ കാടു കത്തിക്കുന്നു; നാവും ഒരു തീ തന്നെ (യാക്കോ. 3:5). അതിനാൽ നാവിനെ തോന്നിയ രീതിയിൽ വളയ്ക്കാതെ ബുദ്ധിപൂർവ്വം കാര്യങ്ങൾ ആലോചിച്ച് ചെയ്യുക. മൃദുവായ ഉത്തരം കോപത്തെ ശമിപ്പിക്കുന്നു. കഠിനവാക്കോ കോപത്തെ ജ്വലിപ്പിക്കുന്നു (സദൃ. 15:1) ജോലിയിലേയും പുറത്തെയും നൂറുകൂട്ടം പ്രശ്നങ്ങളുമായി വന്നുകയറുന്ന ഭർത്താവിനെ വന്നാലുടനേ വീട്ടിലെ ഇല്ലായ്മകളും, വല്ലായ്മകളും പറഞ്ഞ് ചൂടുപിടിപ്പിക്കാതെ സ്നേഹപൂർവ്വം പറഞ്ഞ് സാവധാനം മനസ്സിലാക്കുക ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറയുന്നു ഇമ്പമുള്ള വാക്ക് തേൻകട്ടയാകുന്നു. അത് മനസ്സിനു മധുരവും; ആസ്തിക്ക് ഒഷധവുമാകുന്നു. (സദൃ. 16:24) ഈ വാക്യങ്ങൾ വി. വേദപുസ്തകത്തിൽ എഴുതിയിരിക്കുന്നത് കോവലം വായിച്ചു വിടുന്നതിനായല്ല അത് സ്വജീവിതത്തിൽ പ്രവർത്തനമാക്കുവാനത്രെ. ബുദ്ധിയുള്ള ഭാര്യ യഹോവയുടെ ദാനം (സദൃ. 19:14) എന്നാണ് പറയുന്നത് നീ നോക്കുമ്പോൾ നിന്റെ ഭാഗത്ത് ന്യായമു്. ശരിയാണ് അവൻ വരാൻ വൈകിയതിനാൽ നിനക്ക് ശാരീരിക മാനസിക ബുദ്ധിമുട്ടുകൾ ഉായി. അത് അവൻ അംഗീകരിച്ചു അതിനാലാണല്ലോ അവൻ തിരികെ ഒന്നും പറയാഞ്ഞത്. എന്നാൽ ശണ്ഠകൂടുന്ന സ്ത്രീയോടുകൂടി പൊതു വീട്ടിൽ പാർക്കുന്നതിനേക്കാൾ മേൽ പുരയുടെ കോണിൽ പാർക്കുന്നത് നല്ലത് (സദൃ. 21:9) എന്ന ചിന്ത അവനിൽ കുത്തിവെയ്ക്കാൻ ശ്രമിക്കരുത്. ഭാര്യയും ഭർത്താവും ഒരുപോലെ ശ്രമിച്ചു എങ്കിൽ മാത്രമേ ഒകു ക്രിസ്തീയ കുംടുംബജീവിതം അർത്ഥമാകുകയുള്ളു. ഒരാൾ മറ്റൊരാളെ ഭരിക്കാൻ ശ്രമിക്കാതെ പരസ്പരം ഭാരം വഹിക്കാൻ ശ്രമിക്കുക. ഒരു ചിന്തകൻ പറഞ്ഞിരിക്കുന്നത് കുടുംബജീവിതം നന്നാകണമെങ്കിൽ ഭാര്യ ഭർത്താവിനോടും, ഭർത്താവ് ഭാര്യയോടും തോൽക്കാൻ ശ്രമിക്കുക ഒരിക്കലും തോൽപിക്കാൻ ശ്രമിക്കരുത് എന്ന് വി:വേദപുസ്തകം പഠിപ്പിക്കുന്നു ഭാര്യയേ കിട്ടുന്നവനേ നന്മ കിട്ടുന്നു; യഹോവയുടെ പ്രസാദം ലഭിച്ചുമിരിക്കുന്നു (സദൃ. 18:22) നിങ്ങളുടെ ജീവിതത്തിൽ ഈ പ്രസാദം ഈ നന്മ വിളങ്ങി നിൽക്കണം. അതു ക് വളരുന്ന മക്കൾ അവർ കേട്ടു പഠിക്കുന്നതിനേക്കാൾ ക് പഠിക്കുന്നത് അവർക്ക് പ്രയോജനകരമാകും. സങ്കീർത്തനക്കാരൻ ഭാഗ്യത്തിനു നൽകുന്ന നിർവ്വചനം നോക്കുക നീ ഭാഗ്യവാൻ നിനക്കു നന്മവരും; നിന്റെ ഭാര്യ നിന്റെ വീട്ടിനകത്തു ഫലപ്രദമായ മുന്തിരിവള്ളിപോലെയും നിന്റെ മക്കൾ നിന്റെ മേശയ്ക്കു ചുറ്റും ഒലിവു തൈകൾ പോലെയും ഇരിക്കും. (സങ്കീ. 128:3) ആകയാൽ നീ നല്ല മധുര ഫലം പുറപ്പെടുവിക്കുന്ന മുന്തിവള്ളിയായും നിങ്ങളുടെ കുഞ്ഞുങ്ങൾ കുംടുംബസ്വഭാവം കാണിക്കുന്ന ഒലിവു തൈകളായും ജീവിക്കുവാൻ ശ്രമിക്കുക.

ചെറിയാൻ സാറിന്റെ ഉപദേശത്തിന് .....റജി കുളിച്ച് വസ്ത്രം മാറി വന്നു. തങ്ങൾ പറഞ്ഞത് ഒന്നും കേട്ടതായി റജിയുടെ മുഖഭാവം കിട്ട് തോന്നുന്നില്ല എന്നതിൽ സുനിതയും മാതാപിതാക്കളും ആശ്വസിച്ചു. സന്തോഷ സ്നേഹനിർഭരമായ കുശലാന്വോഷണങ്ങൾക്കു ശേഷം പ്രാർത്ഥനയ്ക്കായി എല്ലാവരും എഴുന്നേന്നു റജി പതിവുപോലെ വി: വേദപുസ്തകം തുറന്ന് ഒരു അദ്ധ്യായം വായിച്ചു. അതാകട്ടെ സദൃശ്യവാക്യങ്ങൾ 31–ാം അദ്ധ്യായം തുടക്കത്തിൽ എല്ലാവരും ശ്രദ്ധാപൂർവ്വം കേട്ടിരുന്നു പത്താംവാക്യം അവൻ അൽപം ഉച്ചത്തിൽ വായിച്ചു. സാമർത്ഥ്യമുള്ള ഭാര്യയേ ആർക്കു കിട്ടും അവളുടെ വില മുത്തുകളിലും ഏറും. ഭർത്താവിന്റെ ഹൃദയം അവളെ വിശ്വസിക്കുന്നു..... വായനയ്ക്കിടയിലും റജിയുടെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു ആ ചിരി ചെറിയാൻ സാറിന്റെയും ശാന്തമ്മയുടെയും മുഖത്തുകൂടി സുനിതയുടെ മുഖത്തെത്തിയപ്പോൾ നാണം കലർന്ന ചമ്മിയ ചിരിയായി മാറി.



കാലം ചെയ്ത പുണ്യശ്ലോകനായ കുറിയാക്കോസ് മാർ കൂറിലോസ് മെത്രാപ്പോലിത്തയുടെ ഓർമ്മപെരുന്നാൾ അടൂർ വടക്കടത്തുകാവ് മിഖായേൽ മാർ ദിവന്നാസിയോസ് ദയറായിൽ മാർച്ച് 19, 20, 21 തീയതികളിൽ കൊാടുന്നു. അഭി. യൂഹാനോൻ മാർ മിലിത്തിയോസ്, മാത്യൂസ് മാർ തേവോദിയോസ്, ഡോ. ഗീവർഗീസ് മാർ കൂറിലോസ് എന്നീ മെത്രാപ്പോലീത്തന്മാരുടെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബ്ബാനയും ഉായിരിക്കുന്നതാണ്.

To

Sri / Smt. ..........................................

..........................................

..........................................

**Printed Matter**

**If undelieverd Please return to:**
**Chev. K.J. Abraham Kodiattu,**
**Managing Editor**
**Yakkoobyan-Monthly**
**Tiruvalla P.O., Pathanamthitta (Dst.), Kerala.**

Printed & Published by S.O.S.S. Printed at Puthethu Offset Printers, Kallissery. Tel: 0479-2426561
Mag. Editor Chev. K.J. Abraham Kodiattu. Tel: 0469-2601005, Chief Editor (Hon) Fr. Koshy P. George, Tel: 0468-2286465,
Editor (Hon) Alexander Karakkad, Tel: 0479-2424177 (R) 94461 88030 (M), Website: www.yakkoobyan.org